

തിരുവിതാംകോട്ടു സർക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLV.] TRIVANDRUM, TUESDAY, October 8, 1907. / Kanni 22, 1083. NO. 41.

വാല്യം ൪൫. തിരുവനന്തപുരം ൧൯൦൭ അക്ടോബർ ൮ / ൧൦൮൩ കന്നി ൨൨ ചൊവ്വാഴ്ച നമ്പർ ൪൧.

CONTENTS.

PART I

ഒന്നാം ഭാഗം

Part I.—ഒന്നാം ഭാഗം.

PROCLAMATION

by

His Highness Sri Padmanabha Dasa Vanchi Pala Sir Rama Varma Kulasekhara Kiritapati Manney Sultan Maha Raja Raja Rama Raja Bahadur Shamsher Jang, Knight Grand Commander of the most Exalted Order of the Star of India, Knight Grand Commander of the most Eminent Order of the Indian Empire, F. M. U., M. R. A. S, Officer De L' Instruction Publique, Maharajah of Travancore, *issued under date the 15th September 1907 corresponding with the 30th Chingom 1083.*

Whereas it is expedient to stop the currency of two chuckram silver pieces as current coins in Our State, we are hereby pleased to command as follows:—

(1) Two chuckram silver coins shall cease to be current in Our State after the last day of Vrischigom 1083.

(2) After the aforesaid date the two chuckram silver pieces shall not be received in any of the Sirkar Treasuries by a public servant on any account and they shall thenceforward cease to be legal tender in Our State.

(3) Any person in possession of two chuckram silver pieces issued from the Sirkar Mint shall, on delivering the same at any of the Sirkar Treasuries on or before the close of Vrischigom 1083 be paid the value of the same in other current coins of the State.

(4) Such two chuckram silver pieces as, on examination at mofussil treasuries, are rejected may be presented at Our Huzur Treasury where if they are found to be genuine, their value will be paid in full and if doubtful half value will be paid but if otherwise they will be defaced and returned.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവൎമ്മകുലശേഖരകിരീടപതി മന്നെസുൽത്താൻ മഹാരാജരാജെ രാമരാജാ ബഹദൂർ ഷംഷേർ ജംഗ് നൈട് ഗ്രാണ്ഡ് കമാണ്ഡർ ആഫ് ദി മോസ്റ്റ് എക്സാൾട്ടെഡ് ആൎഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ, നൈട് ഗ്രാണ്ഡ് കമാണ്ഡർ ആഫ് ദി മോസ്റ്റ് എമിനെണ്ട് ആൎഡർ ആഫ് ദി ഇന്ത്യൻ എംപയർ, എഫ്. എം. യു., എം. ആർ. എ. എസ്., ഒഫീസിയർ ദി ലാ ഇൻസ്ത്രൿഷൻ പബ്ലിൿ, മഹാരാജാ അവർകൾ പ്രസിദ്ധപ്പെടുത്തുന്ന

വിളംബരം.

നമ്മുടെ സംസ്ഥാനത്തിൽ രണ്ടു ചക്രം വിലയുള്ള വെള്ളിനാണയത്തിന്റെ നടപ്പിനെ നിറുത്തുന്നതു യുക്തമായിരിക്കകൊണ്ടു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ:—

(൧) ൧൦൮൩-ാമാണ്ടു വൃശ്ചികമാസം ഒടുവിലത്തെ തീയതിക്കുപിന്നീടു രണ്ടു ചക്രം വിലയുള്ള വെള്ളിനാണയത്തിന്റെ നാണയമായുള്ള ഉപയോഗം നമ്മുടെ സംസ്ഥാനത്തിൽ നിന്നു പോകുന്നതാകുന്നു.

(൨) ആ തീയതി കഴിഞ്ഞതിൽ പിന്നീടു രണ്ടു ചക്രം വെള്ളിനാണയത്തെ യാതൊരു കാരണത്തിന്മേലും സക്കാർ ഖജനാവുകളിൽ സക്കാർ ജീവനക്കാർ വാങ്ങിച്ചുകൂടാത്തതും ടി നാണയം നമ്മുടെ സംസ്ഥാനത്തിൽ നടപ്പുനാണയമായി ഇരിക്കുന്നതു അന്നു മുതൽ നിന്നുപോകുന്നതും ആകുന്നു.

(൩) സക്കാർ കമ്മട്ടത്തിൽ നിന്നു അടിച്ചു നടപ്പാക്കിയിരിക്കുന്ന രണ്ടുചക്രം വെള്ളിനാണയങ്ങൾ കൈവശം ഉള്ള വല്ലവരും അവയെ വല്ല സക്കാർ ഖജനാവിലും ൧൦൮൩-ാമാണ്ടു വൃശ്ചികമാസാവസാനത്തിലൊ അതിനു മുമ്പായിട്ടൊ ഏല്പിക്കുന്നതായാൽ അവയുടെ വില ഈ സംസ്ഥാനത്തു നടപ്പുള്ള മാറു നാണയങ്ങളിൽ ആയി അവൎക്കു കിട്ടുന്നതാകുന്നു.

(൪) പുറമെയുള്ള ഖജനാവുകളിൽ നോട്ടത്തിൽ തള്ളപ്പെടുന്ന രണ്ടു ചക്രം വെള്ളി നാണയങ്ങളെ നമ്മുടെ ഹജൂർഖജനാവിൽ ഹാജരാക്കാവുന്നതും അവിടെ അവ നിൎവ്യാജം എന്നു കാണപ്പെട്ടാൽ അവയുടെ പൂൎണ്ണവിലയും അവ നിൎവ്യാജങ്ങൾ അല്ലയൊ എന്നുള്ള സംശയമായിരുന്നാൽ പകുതി വിലയും കൊടുക്കുന്നതും എന്നാൽ മറ്റുവിധത്തിൽ ആയി കാണപ്പെട്ടാൽ അവയെ ഉപയോഗം ഇല്ലാതാക്കി മടക്കി കൊടുക്കുന്നതും ആകുന്നു.

Any person failing to present the two chuckram coins in his possession as prescribed in sections 3 and 4 shall not be entitled to tender them at Our treasuries after the date prescribed in section 1.

(൫) കൈവശം വെച്ചിട്ടുള്ള രണ്ടു ചക്രം നാണയങ്ങളെ ൩-ം ൪-ം വകുപ്പുകളിൽ വിവരിച്ചിരിക്കുന്നതുപോലെ ഹാജരാക്കാതിരിക്കുന്ന യാതൊരാൾക്കും ൧-ം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന തീയതിക്കു പിന്നീടു നമ്മുടെ ഖജനാവുകളിൽ ടെണ്ടറായി കൊടുക്കുന്നതിനു അവകാശം ഇല്ലാത്തതാകുന്നു

...ർത്ത സെപ്റ്റംബർ മാസം ...
...

SIGN MANUAL.

Appointments.

EDUCATIONAL DEPARTMENT.

M. R. Ry. M. Raja Raja Varma Avergal, M. A., B. L., Inspector of Schools, Northern Range, to be Under-Secretary to Government, Educational Section, General and Revenue Secretariat.

M. R. Ry. Easwara Pillai Avergal, B. A., Inspector of Schools, Southern Range, to be Inspector of Schools, Northern Range, *vice* M. R. Ry. M. Raja Raja Varma Avergal, M. A., B. L., promoted.

M. R. Ry. K. V. Rangaswamy Aiyangar Avergal, M. A., Acting Educational Secretary, to be *pro tem* Inspector of Schools, Southern Range, *vice* M. R. Ry. Easwara Pillai Avergal, transferred to the Northern Range.

M. R. Ry. Easwara Pillai Avergal, B. A., Inspector of Schools, Northern Range, to be also in charge of the Central Range, during the absence of M. R. Ry. P. Ramaswamy Aiyar Avergal, on leave or until further orders.

REVENUE SURVEY DEPARTMENT.

M. R. Ry. R. Vekatarama Dikshitar, B. A. & B. L., B. E. & M. E., Special Land Conservancy Officer, is appointed to act as Superintendent, Revenue Survey, during the absence of M. R. Ry. G. N. Krishna Rao Avergal on leave.

JAIL DEPARTMENT.

Mr. A. Krishna Rao, Jailer, Central Prison, to be in charge of the Central Prison, in addition to his own duties during the absence of Mr. S. R. Swyny on other duty or until further orders.

Leave of Absence.

REVENUE AND MAGISTRACY.

M. R. Ry. E. Padmanabha Pillai, Tahsildar and 2nd Class Magistrate, Chirayinkil Taluk, privilege leave for fifteen days in continuation of the fifteen days' privilege leave already sanctioned.

REVENUE SURVEY DEPARTMENT.

His Highness the Maha Rajah has been pleased to sanction 3 months' privilege leave and 12 months' furlough in continuation, to M. R. Ry. G. N. Krishna Rao Avergal, Superintendent, Revenue Survey.

Assumption of Charge.

JAIL DEPARTMENT.

Mr. A. Krishna Rao, Jailer, Central Prison, appointed to be in charge of the Central Prison in addition to his own duties, assumed charge of his duties, on the afternoon of the 28th September 1907.

Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. E. Padmanabha Pillai, Tahsildar and 2nd Class Magistrate, Chirayinkil Taluk, returned from leave and resumed charge of his duties on the afternoon of the 11th Kanni 1083.

M. R. Ry. M. Krishna Aiyar, Tahsildar and 2nd Class Magistrate, Vilavankod Taluk, returned from leave and resumed charge of his duties on the afternoon of the 14th Kanni 1083.

Investiture of Powers.

Velu Pillai, Head Sumprathy, Melkangamom Office, Trivandrum, specially deputed for the collection of arrears, is invested with powers up to the attachment of moveable and immoveable properties under section 72 of Regulation I of 1068 and empowered to issue summonses to parties under section 10 of Regulation V of 1063.

നിയമം.

ജനറൽ ആൻഡ് റവന്യൂ സെക്രട്ടറിയേററിൽ എഡ്യൂക്കേഷനൽ സെക്ഷനിൽ ഗവൎമ്മെണ്ട അണ്ടർ സെക്രട്ടറിയായി വടക്കൻ റേഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. എം. രാജരാജവൎമ്മ എം. ഏ. ബി. എൽ. അവൎകളെ നിയമിച്ചിരിക്കുന്നു.

കയററം കൊടുക്കപ്പെട്ട മ. രാ. രാ. എം. രാജരാജവൎമ്മ എം. ഏ. ബി. എൽ. അവൎകൾക്കു പകരം വടക്കൻറേഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടരായി തെക്കൻ റേഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. ഈശ്വരപിള്ള ബി. ഏ. അവൎകളെ നിയമിച്ചിരിക്കുന്നു.

വടക്കൻ റേഞ്ചിലെക്കു സ്ഥലം മാററപ്പെട്ട മ. രാ. രാ. ഈശ്വരപിള്ള അവൎകൾക്കു പകരം സബ്ബ് പ്രോട്ടം തെക്കൻ റേഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടരായി ആക്ടിംഗ എഡ്യുക്കേഷനൽസെക്രട്ടറി മ. രാ. രാ. കെ. വി. രംഗസ്വാമിഅയ്യങ്കാർ എം. ഏ. അവൎകളെ നിയമിച്ചിരിക്കുന്നു.

മ. രാ. രാ. പി. രാമസ്വാമി അയ്യർ അവൎകൾ അവധിയിൽ ഇരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ മദ്ധ്യറേഞ്ചിലും കൂടി കാൎയ്യം വിചാരിക്കുന്നതിനു വടക്കൻറേഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. ഈശ്വരപിള്ള ബി. ഏ. അവൎകളെ നിയമിച്ചിരിക്കുന്നു.

മ. രാ. രാ. ജി. എൻ. കൃഷ്ണരായർ അവൎകൾ അവധിയിലിരിക്കുന്ന കാലത്തു റവന്യൂ സൎവ്വെ സൂപ്രണ്ടു ജോലി നോക്കുന്നതിനു സ്പെഷ്യൽ ലാൻഡ് കൺസർവൻസി ആഫീസർ മ. രാ. രാ. ആർ. വെങ്കിട്ടരാമദീക്ഷിതർ ബി. ഏ. ബി. എൽ. ബി. ഇ. എം. ഇ. യെ നിയമിച്ചിരിക്കുന്നു.

മിസ്റ്റർ. എസ്സ്. ആർ. സ്വിന്നി വേറെ ജോലിയിൽ ഇരിക്കുന്ന കാലത്തൊ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെയൊ സ്വന്ത ജോലിയൊടുകൂടി സെൻട്രൽ പ്രിസൺ കാൎയ്യം വിചാരിക്കുന്നതിനു സെൻട്രൽ പ്രിസൺ ജയിലർ മിസ്റ്റർ. എ. കൃഷ്ണരായരെ നിയമിച്ചിരിക്കുന്നു.

അവധി കൊടുത്ത വിവരം

ചിറയിൻകീഴ് താലൂക്ക തഹശീൽദാരും ൨ാം ക്ലാസ് മജിസ്ത്രേട്ടുമായ മ. രാ. രാ. ഇ. പത്മനാഭപിള്ളക്ക മുമ്പു കൊടുത്തിരുന്ന ൧൫ ദിവസത്തെ പ്രിവിലെജ അവധിയൊടു തുടൎന്ന ൧൫ ദിവസത്തെ പ്രിവിലെജ അവധി കൊടുത്തിരിക്കുന്നു.

സൎവ്വെ സൂപ്രണ്ടു മ. രാ. രാ. ജി. എൻ. കൃഷ്ണരായർ അവൎകൾക്കു മൂന്നു മാസത്തെ പ്രിവിലെജ് അവധിയും അതിനെ തുടൎന്ന പന്ത്രണ്ടു മാസത്തെ ഫർലോ അവധിയും കല്പിച്ചനുവദിച്ചിരിക്കുന്നു.

ചാൎജെററ വിവരം

സ്വന്ത ജോലിയൊടുകൂടി സെൻട്രൽ പ്രിസൺ കാൎയ്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട സെൻട്രൽ പ്രിസൺ ജയിലർ മിസ്റ്റർ. എ. കൃഷ്ണരായർ ൧൯൦൭ സെപ്തംബർ ൨൮-ഉച്ചതിരിഞ്ഞു ചാൎജ ഏററ ജോലിയിൽ പ്രവെശിച്ചിരിക്കുന്നു.

തിരിയെ ചാൎജെററ വിവരം

ചിറയിൻകീഴ് താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. ഇ. പത്മനാഭപിള്ള അവധികഴിഞ്ഞു ൧൦൮൩ കന്നി ൧൧-ഉച്ചതിരിഞ്ഞു തിരിയെ ചാൎജ ഏററ ജോലിയിൽ പ്രവെശിച്ചിരിക്കുന്നു.

വിളവങ്കോട്ട താലൂക്ക തഹശീൽദാരും ൨ാം ക്ലാസ് മജിസ്ത്രേട്ടുമായ മ. രാ. രാ. എം. കൃഷ്ണയ്യർ അവധികഴിഞ്ഞു ൧൦൮൩ കന്നി ൧൪-ഉച്ചതിരിഞ്ഞു തിരിയെ ചാൎജ ഏററ ജോലിയിൽ പ്രവെശിച്ചിരിക്കുന്നു.

അധികാരം കൊടുത്ത വിവരം

കുടിശിഖ പിരിക്കുന്നതിലെക്കു നിയമിച്ചിരിക്കുന്ന തിരുവനന്തപുരം മെൽകങ്ങാണം ഹെഡ് സമ്പ്രതി വേലുപ്പിള്ളക്കു ൧൦൬൮ലെ ൧ാം റിഗുലെഷൻ ൭൨ാം വകുപ്പുപ്രകാരം സ്ഥാവര ജംഗമ വസ്തുക്കളെ ജപ്തി ചെയ്യുന്നതിനും ൧൦൬൩ലെ ൫ാം റിഗുലെഷൻ ൧൦ാം വകുപ്പുപ്രകാരം കക്ഷികൾക്കു സമ്മൻസ് അയക്കുന്നതിനും അധികാരം കൊടുത്തിരിക്കുന്നു.

No. 8696/L. R.

Declaration.

Under Section 4 of the Land Acquisition Regulation III of 1087, it is hereby declared that 19¼ cents of land from the southern end of the Pandaravaka Kudiyiripoo land, Peedikayil Purayidom, Survey No. 29/5 C in Kakazham Muri, Ambalapuzha Proverthy, Ambalapuzha Taluk, belonging to Thamarabagathu Veettil Aiyappen Govindan of Kakazham Muri Ambalapuzha Proverthy, Ambalapuzha Taluk, and now in the occupation of Aiyappen Narayanan of the said house are required for the improvement of the canal at the 7th mile in the road from Alleppey to Quilon.

Husur Cutcherry,
Trivandrum,
4th October 1907.

V. NAGAM AIYA,
Senior Dewan Peishkar, in charge.

അറിയിപ്പ്.

പബ്ലിക്ക ആവശ്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞ വസ്തുക്കളെ സർക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിലെക്ക ഉണ്ടായിട്ടുള്ള ൧൦൮൭-ലെ ൩-ം റിഗുലെഷൻ ൪-ം വകുപ്പനുസരിച്ചു ചെയ്യപ്പെടുത്തുന്നതു

ആലപ്പുഴ നിന്നും കൊല്ലത്തെക്കുള്ള റോട്ടിൽ ൭-ാമതു മയിൽക്കുറിക്ക സമീപത്തു വച്ചു തിരുത്തു വെട്ടിക്കുന്നതിനു അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ പ്രവൃത്തിയിൽ കാക്കാഴം മുറിയിൽ താമരഭാഗത്തു വീട്ടിൽ അയ്യപ്പൻ ഗോവിന്ദൻ പേരിൽ പട്ടയത്തിൽകൊണ്ടു ടിയിൽ അയ്യപ്പൻ നാരായണൻ അനുഭവിക്കുന്ന പണ്ടാരവക കുടിയിരിപ്പു ടി മുറിയിൽ സർവ്വെ ൨൯/൫ സി നമ്പർ പീടികയിൽ പുരയിടത്തിൽ തെക്കെ അററത്തു നിന്നും ൧൯ കാലെ മുണ്ടാണി സെന്റു സ്ഥലം എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ഹജൂർ കച്ചേരി,
തിരുവനന്തപുരം,
൪-ാം ഒക്ടൊബർ ൧൯൦൭.

വി. നാഗമയ്യാ,
സീനിയർ ദിവാൻ പെഷ്കാർ,
ഇൻചാർജ്.

വാറ്റുസ്ഥലങ്ങളേയും, വെയർ ഹൌസുകളേയും, എക്സൈസ് ഡിപ്പോകളേയും സംബന്ധിച്ചുള്ള ചട്ടങ്ങൾ.

ചട്ടങ്ങളുടെ വ്യാപ്തി. M. R. 1.

൧. ഈ ചട്ടങ്ങൾ, കുത്തക ഏർപ്പാട്ടിന്മേൽ സംസ്ഥാനത്തിൽ നടത്തപ്പെടുന്ന എല്ലാ വാറ്റു സ്ഥലങ്ങൾക്കും വെയർ ഹൌസുകൾക്കും, എക്സൈസ് ഡിപ്പോകൾക്കും വ്യാപിക്കുന്നതും, ഓരോ ലൈസൻസുകാരനും കൊടുക്കപ്പെടുന്ന സ്പെഷ്യൽ ലൈസൻസിലെ വ്യവസ്ഥകൾക്ക ഈ ചട്ടങ്ങൾ വിരുദ്ധമായിട്ടല്ലാതെയിരിക്കുന്നിടത്തോളം മാത്രം ഈ ചട്ടങ്ങൾ സംബന്ധിക്കുന്നതും ആകുന്നു.

വിവരങ്ങൾ. M. ങ്ങ. 2.

൨. സന്ദർഭംകൊണ്ടു വിപരീതമായി യാതൊന്നും ഇല്ലാത്ത പക്ഷം, ഈ ചട്ടങ്ങളിൽ,

(൧) 'സ്പിരിട് സ്റ്റോർ' എന്നാൽ വാറ്റുസ്ഥലങ്ങളിൽ (റിസീവർ) ധാരക പാത്രങ്ങൾ വച്ചിരിക്കുന്ന ഭാഗം എന്നു അർത്ഥം ആകുന്നു.

(൨) 'വെയർഹൌസ്' എന്നാൽ ഒരു വാറ്റുസ്ഥലത്തിൽ ആകട്ടെ അതിനോടു ചേർന്നോ ചേരാതെയോ ഉള്ള മറ്റു വല്ല കെട്ടിടത്തിൽ ആകട്ടെ കുടിക്കുന്നതിനു ഉചിതമായ സ്ഥിതിയിൽ ഉള്ളവയൊ, വീണ്ടും വാറ്റുന്നതിലേക്കായി ഉദ്ദേശിക്കപ്പെട്ടവയൊ ആയ (സ്പിരിട്ടുകൾ) മദ്യങ്ങൾ വച്ചിരിക്കുന്ന ഭാഗം എന്നു അർത്ഥം ആകുന്നു.

(൩) 'എക്സൈസ് ഡിപ്പോ' എന്നാൽ ലൈസൻസുകാരായ ചില്ലറക്കാൎക്കു കൊടുക്കുന്നതിലേക്കായി, ഏതു തരത്തിലൊ തരങ്ങളിലോ ഉള്ള മദ്യങ്ങൾ വച്ചിരിക്കുന്ന വല്ല കെട്ടിടമോ മുറിയോ, എന്നു അർത്ഥം ആകുന്നു.

(൪) (റിസീവർ) 'ധാരകപാത്രം' എന്നാൽ, ഒരു വാറ്റുയന്ത്രത്തിലെ പിരിയുള്ള കുഴലിൽ കൂടി മദ്യം ഏതു പാത്രത്തിൽ വീഴുന്നുവോ ആ പാത്രം എന്നു അർത്ഥം ആകുന്നു.

(൫) (വാട്) 'നിക്ഷേപണ പാത്രം' എന്നാൽ, ഒരു വാറ്റുസ്ഥലത്തോ വെയർഹൌസിലൊ എക്സൈസ് ഡിപ്പോവിലോ മദ്യങ്ങൾ ശേഖരിച്ചു വെക്കുന്നതിലേക്കു ഉപയോഗിക്കപ്പെടുന്ന വല്ല പാത്രവും എന്നു അർത്ഥം ആകുന്നു.

(൬) 'പ്രമാണത്തിന്മേൽ അയച്ച' എന്നാൽ, മറ്റൊരു വാറ്റുസ്ഥലത്തേക്കൊ വെയർഹൌസിലേക്കൊ എക്സൈസ് ഡിപ്പോവിലേക്കൊ എത്തിക്കുന്നതിലേക്കു (പ്രമാണത്തിന്മേൽ കൊടുക്കപ്പെട്ട എന്നു അർത്ഥം ആകുന്നു.

(൭) 'വാറ്റുശാലാ ഇൻസ്പെക്ടർ' എന്നതിൽ വല്ല വാറ്റുസ്ഥലത്തിന്റെയൊ വെയർഹൌസിന്റെയൊ എക്സൈസ് ഡിപ്പോവിന്റെയൊ ഭരണത്തിനായി നിയമിക്കപ്പെട്ടതും ഒരു ശിപായിയുടെ റാങ്കിൽ കൂടുതലായ സ്ഥാനവലിപ്പം ഉള്ളതുമായ ഏതു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നു.

(൮) 'ലൈസൻസുകാരൻ' എന്നതിൽ അയാളുടെ ഏജന്റും ഉൾപ്പെടുന്നു.

(൯) 'തെങ്ങിൻ ചാരായം' എന്നാൽ തെങ്ങിൽ നിന്നു ഇറക്കപ്പെട്ട കള്ളിൽ നിന്നു വാറ്റി എടുത്ത ചാരായം എന്നു അർത്ഥം ആകുന്നു.

(൧൦) 'ശൎക്കരച്ചാരായം' എന്നാൽ തെങ്ങു അല്ലാതെയുള്ള താലവൃക്ഷങ്ങളിൽ നിന്നോ കരുപ്പട്ടിയിൽ നിന്നോ ശൎക്കരയിൽ നിന്നോ മറ്റു ശൎക്കര മയമായ സാധനങ്ങളിൽ നിന്നോ ഇറക്കപ്പെട്ട കള്ളിൽ നിന്നു വാറ്റി എടുത്ത ചാരായം എന്നു അർത്ഥം ആകുന്നു.

(൧൧) 'ഗാലൻ' എന്നാൽ, ൨൭൭.൨൭൪ ക്യൂബിക് ഇഞ്ച് അളവുള്ള ഇമ്പീരിയൽ ഗാലൻ എന്നു അർത്ഥം ആകുന്നു.

(൧൨) 'അളവുക' എന്നാൽ ഒരു പാത്രത്തിൽ അടങ്ങിയതൊ അതിൽ നിന്നു എടുക്കപ്പെട്ടതൊ ആയ മദ്യത്തിന്റെ അളവിനെ നിൎണ്ണയിക്ക അല്ലെങ്കിൽ ഒരു പിപ്പയുടെയൊ മറ്റു പാത്രത്തിന്റെയൊ അളവു നിൎണ്ണയിക്ക എന്നു അർത്ഥം ആകുന്നു.

(൧൩) 'ശോധിക്ക' എന്നാൽ ഹൈഡ്രോമീറ്റർ യന്ത്രത്താലോ മറ്റു ഉചിതം ആയ യന്ത്രത്താലൊ മദ്യങ്ങളുടെ വീൎയ്യത്തെ കണ്ടുപിടിക്ക എന്നു അർത്ഥം ആകുന്നു.

(൧൪) 'സ്ഥലം മാറി വാങ്ങിച്ച' എന്നാൽ ശരിയായ വിധത്തിൽ ഉള്ള മറ്റൊരു പാത്രത്തിൽ നിന്നോ മറ്റൊരു വെയർഹൌസിൽ നിന്നോ എക്സൈസ് ഡിപ്പോവിൽ നിന്നോ വാങ്ങിച്ച എന്നു അർത്ഥം ആകുന്നു.

(ബി) [illegible] വാററു സ്ഥലങ്ങളുടെ [illegible] [illegible] വാററുസ്ഥലങ്ങളൊ ഏക്സൈസ് [illegible] [illegible] ആകുന്നു.

[illegible] [illegible]

൩. ഈ ചട്ടങ്ങൾ നടത്തിക്കുന്നതിൽ വല്ല സംശയങ്ങളും [illegible] എല്ലാം ചട്ടങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ഖിചാൻ തീർപ്പുവാവ അധികാരമാൻ ആയിരിക്കുന്നതാകുന്നു.

[illegible]

൪. [illegible] ഓരോ ലൈസൻസ്കാരനും [illegible] ഗവർമെണ്ട് നിശ്ചയിക്കാവുന്ന സ്ഥലങ്ങളിൽ എക്സൈസ് കമ്മീഷണർ സമ്മതിക്കാവുന്ന കെട്ടിടങ്ങളിൽ വാററുസ്ഥലം ആകട്ടെ [illegible] ഹൌസ് ആകട്ടെ ഏർപ്പെടുത്തി നടത്തിക്കണം. ഇതിനുള്ള [illegible] [illegible] പരസ്യം മുഖേന കൂട്ടിപ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു.

൫. ഓരോ ലൈസൻസ്കാരനും മേല്പറഞ്ഞ ഉദ്യോഗസ്ഥൻ നിശ്ചയിക്കാവുന്ന മധ്യ [illegible] സ്ഥലങ്ങളിൽ, മദ്യങ്ങൾ കൊടുക്കുന്നതിലേക്ക ഡെപ്പോകൾ ഏർപ്പെടുത്തി വച്ചുകൊള്ളണം. എന്നാൽ ലൈസൻസ്കാരൻ ഗവർമെണ്ട് നിശ്ചയിക്കുന്ന നിരക്കുകൾ അനുസരിച്ചൊ, അ [illegible] ലൈസൻസുള്ള വില്പനക്കാരും തമ്മിൽ ഒത്തു നിശ്ചയിക്കാവുന്ന മാതിരിയിലൊ തന്റെ ഏറാവും സമീപമുള്ള ഡെപ്പോവിൽ നിന്ന മദ്യത്തെ കടത്തിക്കൊണ്ടു പോകുന്നതിലേക്കുള്ള ചിലവിനെ വഹിച്ചുകൊള്ളുവാൻ ഒരുക്കമുള്ളപക്ഷം, ഡെപ്പോ വച്ചുകൊള്ളണം എന്നുള്ളതിൽ നിന്ന ലൈസൻസ്കാരനെ മാപ്പാക്കുന്നതിനു എക്സൈസ് കമ്മിഷണർക്ക അധികാരം [illegible].

[illegible]

൬. ലൈസൻസ്കാരൻ തന്റെ വാററുസ്ഥലമൊ എക്സൈസ് ഡെപ്പോവൊ സ്ഥാപിക്കണം എന്ന ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരണങ്ങളും പ്ലാനുകളും തന്റെ ഹർജിയോടു കൂടി അയക്കേണ്ടതു [illegible] ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന വാററു യന്ത്രത്തിന്റേയും മററു യന്ത്രങ്ങളുടെയും വിവരണവും വലിപ്പവും പ്രസ്താവിക്കേണ്ടതും, ഇവ അംഗീകരിക്കപ്പെടുന്ന പക്ഷം, എക്സൈസ് കമ്മിഷണരുടെ സമ്മതം കൂടാതെ അങ്ങനെയുള്ള കെട്ടിടങ്ങൾക്കൊ, വാററു യന്ത്രങ്ങൾക്കൊ നിക്ഷേപണ പാത്രങ്ങൾക്കൊ, മററു സ്ഥിരയന്ത്രങ്ങൾക്കൊ യാതൊരു [illegible] കൂട്ടലാകട്ടെ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

[illegible]

൭. ഓരോ വാററുസ്ഥലവും, വെയർ ഹൌസും എക്സൈസ് ഡെപ്പോവും സാധാരണമായി ഒരു എക്സൈസ് ഇൻസ്പെക്ടരുടെ ഭരണത്തിൻകീഴിൽ ആയിരിക്കുന്നതാകുന്നു. അങ്ങനെയുള്ള വാററുസ്ഥലവും, വെയർഹൌസും, എക്സൈസ് ഡെപ്പോവും മദ്യങ്ങൾ വച്ചിരിക്കുന്ന ഓരോ മുറിയും രണ്ടു പൂട്ടുകൾ കൊണ്ടു പൂട്ടിയിരിക്കേണ്ടതും, അവയിൽ ഒന്നു വാററുശാല ഇൻസ്പെക്ടർ പൂട്ടേണ്ടതും മറേറതു ലൈസൻസ്കാരൻ പൂട്ടേണ്ടതും ആകുന്നു.

[illegible]

൮. വാററുസ്ഥലമായൊ വെയർഹൌസ് ആയൊ എക്സൈസ് ഹൌസ് ആയൊ ഉപയോഗിക്കപ്പെടുന്ന ഓരോ കെട്ടിടവും [illegible] ഗാലനിൽ അധികം മദ്യങ്ങൾ നിക്ഷേപിച്ചു വയ്ക്കുന്ന ഓരോ മുറിയും തട്ടുള്ളതും [illegible] വായുസഞ്ചാരത്തിനുള്ള യന്ത്രങ്ങൾ ഉള്ളതും ആയിരിക്കേണ്ടതാകുന്നു. ഈ വായുസഞ്ചാരയന്ത്രങ്ങൾ കമ്പി വല ഉള്ളവയായിരിക്കേണ്ടതും ആകുന്നു. ഓരോ കെട്ടിടവും കഴിയുന്നതും നല്ല സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കണം; അവയിൽ വെളിയിലുള്ളവർ കടക്കാതിരിക്കുന്നതിലേക്ക ആവശ്യം വേണ്ടിടത്തോളം ഉണ്ടായിരിക്കണം. അവയിൽ അകത്തു ചെല്ലുന്നതിലേക്കും പുറത്തേക്ക പോകുന്നതിലേക്കും ഒരു വാതിൽ മാത്രമേ ഉണ്ടായിരിക്കാവു.

[illegible]
M. R. 5.

൯. (എ) പൂട്ടു തുറക്കുന്നതിനു മുമ്പു മദ്യം ഒട്ടും വെളിയിൽ എടുക്കാൻ പാടില്ലാത്ത വിധത്തിലുള്ളവയും എക്സൈസ് കമ്മിഷണരോ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരോ അനുവദിച്ചിട്ടുള്ളവയും ആയ [illegible] പാത്രങ്ങളെ ലൈസൻസ്കാരൻ തന്നെ ഉണ്ടാക്കി കൊടുത്തു അവയെ കൂടിപ്പൂട്ടിവെക്കയും [illegible] ആ പാത്രങ്ങളിൻ പിരിയുള്ള കുഴലുകൾ വഴി മദ്യം വന്നു വീഴത്തക്ക വിധത്തിൽ ലൈസൻസ്കാരൻ വാററുയന്ത്രങ്ങളെ വച്ചിരിക്കയും ചെയ്യേണ്ടതാകുന്നു. എല്ലാ വാററു യന്ത്രങ്ങൾക്കും മദ്യങ്ങളുടെ ധാരകപാത്രങ്ങൾക്കും നിക്ഷേപണപാത്രങ്ങൾക്കും, വാററുമദ്യങ്ങൾക്കും, പൂട്ടുകൾക്കും, [illegible] മററും, ഗവർമെണ്ട് കൊടുക്കുന്നവ ഒഴികെ പൂട്ടുകൾ ഉപയോഗിക്കുന്നതിലേക്കായി ഉചിതങ്ങളും നല്ലതുമായവയും ആയ [illegible] മുതലായതും അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണർക്ക തൃപ്തിയാകുംവണ്ണം ലൈസൻസ്കാരൻ തയാറാക്കണം.

(ബി) വാററുശാലയുടെ ചാൎജ് വഹിക്കുന്ന സൎക്കാർ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള എല്ലാ പൂട്ടുകളുടേയും താക്കോലുകളെ വച്ചുകൊള്ളേണ്ടതാകുന്നു; എന്നാൽ സൎക്കാർവക പൂട്ടുകൾ ഇട്ടിട്ടുള്ള ഏതിന്മേലും ലൈസൻസുകാരൻ തന്റെ സ്വന്തം പൂട്ടുകൾ ഇട്ടുകൊള്ളാവുന്നതാകുന്നു. എന്നാൽ പരിശോധനയെ സൌകൎയ്യപ്പെടുത്തുന്നതിലേക്കായി എക്സൈസ് ഡിപ്പാൎട്ടുമെണ്ടിലെ ഇൻസ്പെക്ടരൊ മററു മേലുദ്യോഗസ്ഥനൊ ആവശ്യപ്പെടുമ്പോൾ അയാൾ ഉടൻതന്നെ അവയെ നീക്കേണ്ടതാകുന്നു.

൧൦. ധാരകപാത്രത്തിൽ ചെന്നുവീഴുന്ന മദ്യങ്ങളുടെ അളവും വീൎയ്യശക്തിയും ഇത്ര എന്നു ഏതു സമയത്തും പരിശോധിക്കാവുന്ന വിധത്തിൽ വെള്ളം വരയും മദ്യത്തിന്റെ വീൎയ്യ ശക്തിയെ കാണിക്കാൻ കഴിവുള്ളതായ ഹൈഡ്രോമെററൻ (സൈക്സ് വക) ഉള്ളതായി ഒരു കണ്ണാടികൊണ്ടുള്ള "സേഫ്" ഓരോ വാററു യന്ത്രത്തിനും, മദ്യധാരകപാത്രം അല്ലെങ്കിൽ മദ്യധാരകപാത്രങ്ങൾ ഇവകളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ടതാകുന്നു. ഓരോരിക്കൽ വാററുമ്പോഴും വാററുശാലയുടെ ചാൎജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ, ധാരകപാത്രത്തിൽ ചെന്നുവീഴുന്ന മദ്യങ്ങളെ ഒന്നിൽ കുറയാതെ പ്രാവശ്യം പരിശോധിക്കേണ്ടതും, തന്റെ ഡയറിയിൽ പരിശോധനഫലത്തെ എഴുതി വെക്കേണ്ടതും ആകുന്നു.

M. R. 6

൧൧. ലൈസൻസുകാരൻ തന്റെ മദ്യധാരക പാത്രങ്ങളേയും നിക്ഷേപണ പാത്രങ്ങളേയും ക്രമപ്പെടുത്തി വെക്കുന്നതു ധാരകപാത്രങ്ങളിൽ നിന്നു നിക്ഷേപണ പാത്രത്തിലേക്കു മദ്യങ്ങൾ ഭൂഗുരുത്വാകൎഷണശക്തികൊണ്ടു തന്നെ തുറസ്സല്ലാത്ത കുഴലുകൾവഴി ചെന്നു വീഴത്തക്കവിധത്തിൽ ആയിരിക്കണം; ഇതിനു നിവൃത്തിയില്ലെങ്കിൽ, ധാരക പാത്രങ്ങളിൽ നിന്നു നിക്ഷേപണപാത്രങ്ങളിലേക്കു മദ്യങ്ങൾ, തുറസ്സല്ലാത്ത കുഴലുകൾവഴി പമ്പ് ചെയ്തു വീഴുന്നതിനുവേണ്ട യന്ത്ര സാമഗ്രികൾ ലൈസൻസുകാരൻ തയാറാക്കണം.

M. R. 7

൧൨. വാററുസ്ഥലത്തുള്ള എല്ലാ ധാരകപാത്രങ്ങളേയും നിക്ഷേപണപാത്രങ്ങളേയും അവയിൽ അടങ്ങിയ സാധനത്തെ സൂക്ഷ്മമായി അളക്കാൻ സാധിക്കുന്ന വിധത്തിൽ വച്ചിരിക്കേണ്ടതും അവകു എക്സൈസ് കമ്മിഷണരുടെയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടെയൊ തൃപ്തിയാകുംവണ്ണം ഉചിതമായ അളവുകോൽവച്ചു ചേൎക്കേണ്ടതും അവയിൽ എത്ര മദ്യം ഉണ്ടെന്നു ഏതു സമയത്തും നിണ്ണയിക്കാവുന്ന വിധത്തിൽ നിശ്ചിതമായ മുഖ്യ സ്ഥലങ്ങളിൽ ആ അളവുകോലുകളെ ചേൎത്തു വെക്കേണ്ടതും ആകുന്നു. ധാരക പാത്രങ്ങളേയും നിക്ഷേപണ പാത്രങ്ങളേയും എക്സൈസ്കമ്മിഷണർ അതതുകാലം ആജ്ഞാപിക്കാവുന്ന വിധത്തിൽ അളക്കേണ്ടതാകുന്നു; യാതൊരു പാത്രവും അളക്കപ്പെടുകയും അല്ലെങ്കിൽ എക്സൈസ് കമ്മിഷണർ നിയമിക്കാവുന്ന ആഫീസർ പരിശോധിക്കയും ചെയ്യുന്നതുവരെ അതിനെ ധാരകപാത്രമായൊ നിക്ഷേപണ പാത്രമായൊ ഉപയോഗിച്ചുകൂടാ.

M. R. 8

വാററിത്തുടങ്ങുന്ന വിവരത്തിനു ലൈസൻസുകാരൻ അറിയിച്ചു കൊടുക്കണം M R 9

൧൩. ലൈസൻസുകാരൻ വാററിത്തുടങ്ങാൻ ഉദ്ദേശിക്കുന്ന തീയതിക്കു പതിനഞ്ചു ദിവസത്തിനു മുമ്പിലായിട്ടു രേഖാമൂലമായി അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണൎക്കു അറിയിച്ചു കൊടുക്കേണ്ടതാകുന്നു.

സിബ്ബന്തികളെതിരിയെ വിളിക്കാൻ അധികാരം

൧൪. ഒരു മാസത്തിൽ കവിഞ്ഞ ഒരു കാലത്തേക്കു വാററുന്നതിനേയൊ മദ്യങ്ങൾ അയക്കുന്നതിനേയൊ ലൈസൻസുകാരൻ നിറുത്തുന്നതായാൽ എക്സൈസ് കമ്മിഷണർ വാററു സ്ഥലത്തു നിറുത്തപ്പെട്ടിട്ടുള്ള കീഴ്ജീവനക്കാരെ തിരിയെ വിളിക്കാവുന്നതാകുന്നു. രണ്ടാമതു വാററിത്തുടങ്ങുകയൊ മദ്യങ്ങൾ അയച്ചുതുടങ്ങുകയൊ ചെയ്യുന്ന തീയതിക്കു പതിനഞ്ചു ദിവസത്തിനു മുമ്പിൽ ലൈസൻസുകാരൻ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണൎക്കു അറിയിച്ചു കൊടുക്കുന്നതുവരെ സംഗതിയുടെ സ്ഥിതിപോലെ വാററുകയൊ മദ്യങ്ങൾ അയക്കയൊ ചെയ്വാൻ വീണ്ടും തുടങ്ങുന്നതിനു എക്സൈസ് കമ്മിഷണർ സമ്മതം കൊടുക്കുന്നതുവരെക്കും മേലാൽ വാററുകയാകട്ടെ മദ്യങ്ങൾ അയക്കയാകട്ടെ ചെയ്വാൻ പാടില്ലാ എന്നു എക്സൈസ് കമ്മിഷണർ വിരോധിക്കാവുന്നതും ആകുന്നു.

സിബ്ബന്തികളുടെ എ
M. R. 11

൧൫. വാററുസ്ഥലങ്ങളിലാകട്ടെ വെയർഹൌസുകളിലാകട്ടെ എക്സൈസ് ഡെപ്പോവുകളിലാകട്ടെ വച്ചിരിക്കാവുന്ന സിബ്ബന്തികൾ സാധാരണമായി ഒരു ഇൻസ്പെക്ടരും രണ്ടു ശിപായിമാരും ആയിരിക്കും; എന്നാൽ അങ്ങനെയുള്ള കാവൽ സൂക്ഷിപ്പു മതിയാകുന്നതല്ലെന്നു എക്സൈസ് കമ്മിഷണൎക്കു അഭിപ്രായം ആയാൽ യുക്തംപോലെ ആ സിബ്ബന്തികളുടെ എണ്ണത്തെ കൂടുതലാക്കാവുന്നതും അങ്ങനെ കൂടുതൽ സിബ്ബന്തികളെ വെക്കുന്നതുകൊണ്ടു ഗവൎമ്മെണ്ടിനു ഉണ്ടാകാവുന്ന കൂടുതൽ ചിലവിനു ലൈസൻസുകാരൻ ബാദ്ധ്യപ്പെട്ടിരിക്കേണ്ടതും ആകുന്നു.

൪൬. വാറ്റുസ്ഥലത്താകട്ടെ വെയർഹൌസിലാകട്ടെ എക്സൈസ് ഡെപ്പോവിലാകട്ടെ ഉണ്ടാക്കപ്പെടുന്നവയും അവിടെ നിന്നു അയക്കപ്പെടുന്നവയും അവിടെ വന്നു ചേരുന്നവയും അവിടെ വച്ചിരിക്കുന്നവയും ആയ മദ്യങ്ങളുടെ തുകയും വീര്യ ശക്തിയും എത്ര എന്നുള്ളതിലേക്കു ശരിയായും ക്രമമായും ഉള്ള കണക്കുകളെയും ഇതിനോടുകൂടി ചേർത്തിട്ടുള്ള ഫാറങ്ങളിൽ രേജിസ്റ്റർകളും ലൈസൻസുകാരൻ വച്ചുകൊള്ളേണ്ടതാകുന്നു. വാറ്റുശാലയിലെ ചാർജുള്ള ആഫീസരോ എക്സൈസ് ഡിപ്പാർട്ടുമെണ്ടിലെ മറ്റുവല്ല ഉദ്യോഗസ്ഥനോ പരിശോധനക്കായി ആവശ്യപ്പെടുമ്പോൾ എല്ലാം ഇവയെ ലൈസൻസുകാരൻ ഹാജരാക്കേണ്ടതും എക്സൈസ് കമ്മിഷണർ അതതുകാലത്തു ആവശ്യപ്പെടാവുന്ന മറ്റു വല്ല വിവരമോ കണക്കുകളോ ഹാജരാക്കാൻ ബാധ്യതപ്പെട്ടിരിക്കേണ്ടതും ആകുന്നു. ലൈസൻസുകാരന്റെ കണക്കുകളെ വാറ്റുശാലാ ചാർജ് ആയ ആഫീസർ ആഴ്ചവട്ടത്തിൽ ഒരിക്കലും സർക്കിൾ ആഫീസർ മാസത്തിലൊരിക്കലും വീതം പരിശോധിക്കേണ്ടതും തിരുത്താവുന്ന വല്ല തെറ്റുകളും ഉണ്ടെങ്കിൽ വിവരങ്ങൾ മേലധികാരസ്ഥന്നു റിപ്പോർട്ടു ചെയ്യേണ്ടതും അവരുടെ കടമ ആകുന്നു.

ലൈസൻസുകാർ കണക്കുകൾ വച്ചുകൊള്ളണം M. R. 40

൪൭. എക്സൈസ് കമ്മിഷണർ ആലോചിക്കാവുന്ന വിധത്തിലും, മൂന്നു മാസത്തിൽ കൂടുതൽ ആകാതെ, ആലോചിക്കാവുന്ന കാലാവധികളിലും, ഇരിപ്പുതിട്ടപ്പെടുത്തേണ്ടതാകുന്നു. ചേതവാരത്തിനു അനുവദിച്ചുകൊടുക്കുന്നതായ നൂററിനു ഒന്നരവീതത്തിൽ കൂടുതലായി കാണാതെ ഇരിക്കുന്നതും, കണക്ക പറയാൻ ലൈസൻസുകാരനു കഴിവില്ലാതിരിക്കുന്നതും ആയ എല്ലാ മദ്യങ്ങൾക്കും സ്വീകരിക്കപ്പെട്ടിരിക്കുന്ന ഗവർമ്മെണ്ടിലേക്കു ലൈസൻസുകാരൻ തീരുവ ചെലുത്തേണ്ടതും ആകുന്നു. ഇരിപ്പു തിട്ടപ്പെടുത്തുമ്പോൾ, കൈയിരിപ്പുള്ള ബാക്കിയിന്മേൽ, ഡെപ്പോവിൽ നടന്നിട്ടുള്ള ഇടപാടുകളുടെ വകക്കുള്ള രെജിസ്റ്ററെ തോതാക്കിട്ടു മാത്രമേ ഒരു ചേതവാരത്തെ കണക്കാക്കുകയുള്ളു. മുമ്പു പറഞ്ഞപ്രകാരം കൂടുതലായി കാണാതിരിക്കുന്ന മദ്യങ്ങളിന്മേൽ തീരുവ ചുമത്തുന്നതിലേക്ക ചേതവാരം എത്രയാണെന്നു ആണ്ടിൽ ഒരിക്കൽ അതായതു ഓരോ കൊല്ലം അവസാനത്തിലും, കണക്ക കൂട്ടുന്നതും ആകുന്നു.

ഇരിപ്പുതിട്ടപ്പെടുത്തൽ M. R. 41

ഗുദാമിൽ അധികം ലൈവികം ആയോ മറ്റു അപരിഹാര്യമായ വിധത്തിലോ നഷ്ടം ഉണ്ടാകുന്ന സംഗതികളിൽ, ചേതവാരത്തിനു ദിവാൻ പ്രത്യേകം വകവച്ചുകൊടുക്കാവുന്നതാകുന്നു. എന്നാൽ വാറ്റുശാലയിലെ സർക്കാർ ജീവനക്കാരുടെ താമസത്താലൊ വീഴ്ചയാലോ, നഷ്ടംവരുന്ന സംഗതിയിൽ ചേതവാരം അവകാശപ്പെടാവുന്നതോ അനുവദിക്കപ്പെടാവുന്നതോ അല്ല.

൪൮. എല്ലാ മദ്യങ്ങളേയും നിക്ഷേപമുറിയിൽ വച്ചിരിക്കേണ്ടതും, ആ മുറിയുടെ താക്കോലിനെ ആ മുറിയുടെ ചാർജ്‌വഹിക്കുന്ന ആഫീസർ വച്ചുകൊള്ളേണ്ടതും ആകുന്നു.

മദ്യങ്ങളെ നിക്ഷേപമുറിയിൽ വച്ചിരിക്കണം. M. R. 18

൪൯. വല്ല വെയർഹൌസിലോ എക്സൈസ് ഡെപ്പോവിലോ ചാർജ് ആയിരിക്കുന്ന ആഫീസർ ൧൦ാം നമ്പർ ഫാറത്തിൽ കൊടുക്കുന്ന ഒരു രഹദാരിയിന്മേൽ അല്ലാതെ, പ്രമാണത്തിന്മേൽ കൊണ്ടുപോകയോ അയക്കയോ ചെയ്യുന്ന സംഗതികളിലും, ൧൧ാം നമ്പർ ഫാറത്തിൽ അങ്ങനെയുള്ള ഒരു രഹദാരിയിന്മേലല്ലാതെ, ലൈസൻസുള്ള വിക്രയികൾക്കു കൊടുക്കുന്ന കാര്യത്തിലും, വല്ല വെയർഹൌസിൽ ആകട്ടെ, എക്സൈസ് ഡെപ്പോവിൽ ആകട്ടെ മദ്യങ്ങൾ ഏറ്റുവാങ്ങുകയോ അവയിൽനിന്നു നീക്കിക്കൊണ്ടു പോകയോ ചെയ്യരുതു.

വെയർ ഹൌസ് മുതലായവയിൽ മദ്യങ്ങൾ വാങ്ങിവയ്ക്കയും അവയിൽനിന്നു മദ്യങ്ങളെ വെളിയിൽ അയയ്ക്കയും M. R. 25

൫൦. ഓരോ വാറ്റുശാലയിലോ വെയർ ഹൌസിലോ, ഡെപ്പോവിലോ ചാർജ് ആയിരിക്കുന്ന ആഫീസരുടെ ആവശ്യങ്ങൾക്കു ഒരു ബലമുള്ള മുറിയും, അതുകളിൽ നിറുത്തിവയ്ക്കുന്ന ഗവർമ്മെണ്ട് ഗാർഡുകളുടെ ഉപയോഗത്തിനു മറ്റൊരു ബലമുള്ള മുറിയും വാടകകൂടാതെ ഒഴിച്ചുകൊടുക്കുന്നതിനു ലൈസൻസുകാരൻ ബാധ്യപ്പെട്ടിരിക്കും. ചാർജ് ആയിരിക്കുന്ന ആഫീസരുടെയോ ശിപായികളുടേയും, വാറ്റുശാല, വെയർഹൌസ്, ഡെപ്പോ ഇതുകളോടു സംബന്ധിക്കപ്പെട്ട മറ്റു ആഫീസർകളുടേയോ ആവശ്യത്തിനായി ആവശ്യപ്പെടുമ്പോൾ അതുകൾക്കു സമീപത്തിൽ ഉചിതമായ സ്ഥലങ്ങൾ താഴെ പറയുന്ന നിരക്കുകളിൽ കവിയാത്ത വാടകയ്ക്കു ലൈസൻസുകാരൻ തയാറാക്കിക്കൊടുക്കേണ്ടതും ആകുന്നു.—

വാടകകൊടുക്കുന്നതിന്മേൽ സിബ്ബന്തികൾക്കു ലൈസൻസുകാരൻ താമസസ്ഥലം ഉണ്ടാക്കിക്കൊടുക്കണം. M. R. 30

ഓരോ ഇൻസ്പെക്ടൎക്ക..................................രൂപാ ൫

൧൨ രൂപായോ അതിനുമേലോ ശമ്പളമുള്ള ഓരോ പെററിഞ്ചാഫീസൎക്ക ...രൂപാ ൧

ഓരോ ശിപായിക്കു ഓരോ മുറിക്ക രൂപാ അര

വാററുശാലകളിലും വെയർഹൌസുകളിലും മദ്യങ്ങൾ ചേതമായി പോകുന്നതിനും ഗവർമ്മെണ്ട ബാധ്യപ്പെട്ടിരിക്കയില്ല M. R. 31

൨൧. അഗ്നിയാലോ, മോഷണത്താലൊ അളുക്കുന്നതിനാലോ, പരിശോധനയാലൊ മററു യാതൊരു കാരണത്താലൊ വാററുശാലകളിൽ ശേഖരിച്ചു വെക്കപ്പെട്ടിരിക്കുന്ന മദ്യങ്ങൾക്കാകട്ടെ, വെയർഹൌസുകളിലും എക്സൈസ് ഡെപ്പോകളിലും വെക്കപ്പെട്ടിരിക്കുന്ന മദ്യങ്ങൾക്കാകട്ടെ, നാശമോ, ചേതമോ കെടുതലൊ ഉണ്ടാകുന്നതായാൽ അതിലേക്കു ഗവർമ്മെണ്ടു ഉത്തരവാദിയായിരിക്കയില്ല. അഗ്നിയോ മററു അപായങ്ങളൊ ഉണ്ടാകുന്ന സംഗതിയിൽ, വാററുശാലയിലൊ, വെയർഹൌസിലൊ എക്സൈസ് ഡെപ്പോവിലോ ചാൎജ് ആയിരിക്കുന്ന ഉദ്യോഗസ്ഥന്മാർ, പൂട്ടുകളെ തുറക്കുന്നതിനു പകലാകട്ടെ രാത്രിയിലാകട്ടെ ,ഏതുസമയത്തും ഉടനടി ഹാജരാകേണ്ടതാകുന്നു.

വാഷ് ഉണ്ടാക്കുക. അതിനെ കടത്തിക്കൊണ്ടു പൊകരുതു.

൨൨. വാററുശാലയ്ക്കു അകത്തുവച്ചല്ലാതെ, യാതൊരു വാഷും ഉണ്ടാക്കരുതു. യാതൊരു വാഷിനേയും യാതൊരു സംഗതിവശാലും വാററുസ്ഥലത്തു നിന്നു കടത്തിക്കൊണ്ടുപോകയും അരുതു. വാഷിനെ എല്ലാം എക്സൈസ് കമ്മിഷണർ സമ്മതിക്കാവുന്ന സ്ഥലങ്ങളിൽ ഉറപ്പായിട്ടു വച്ചു പൂട്ടി സൂക്ഷിക്കയും വേണം. ലൈസൻസുകാരൻ വാഷ് ചേൎത്തു തുടങ്ങുമ്പോൾ താൻ ഉപയോഗിക്കുന്ന ശൎക്കരമയമായ സാമാനങ്ങൾ പൂൎണ്ണമായി ലയിച്ചുവോ എന്നു സ്വയം ബോദ്ധ്യപ്പെട്ടു കൊള്ളുകയും, ഉഷ്ണസ്ഥിതിക്കായി കണക്കുകൂടി പരിശൊധിച്ചിട്ടുള്ള സക്കരൊമെട്രിക് ഗ്രാവിട്ടി വാസ്തവത്തിൽ എത്രയാണെന്നും അങ്ങിനെ വാഷ് എത്ര ഉണ്ടെന്നും കാണിച്ചു, വാററുസ്ഥലം ചാൎജ് ആയ ഉദ്യോഗസ്ഥനു നിശ്ചിതം ആയ ഫാറത്തിൽ ഒരു സാക്ഷ്യപത്രം എഴുതി ആ ഉദ്യോഗസ്ഥനു അയക്കേണ്ടതും, വീൎയ്യം കുറഞ്ഞ വാഷിന്മേൽ ചാൎജ് വസൂലാക്കുന്നതു യുക്തമൊ എന്നുള്ള സംഗതിയെപ്പററി ആ ഉദ്യോഗസ്ഥൻ ആവശ്യപ്പെടാവുന്ന വിവരം എല്ലാം ലൈസൻസുകാരൻ കൊടുക്കേണ്ടതും ആകുന്നു.

അപായകരമായ സാധനങ്ങളെ ഉപയോഗിക്കരുതു.

൨൩. വാററുന്നതിനു ഉപയോഗിക്കുന്ന സാധനങ്ങൾ നല്ല തരത്തിലുള്ളവ ആയിരിക്കണം. വാററുന്നതിൽ ആരോഗ്യഹാനികരം ആയ യാതൊരു സാധനവും വാഷിൽ ഉപയോഗിക്കയാകട്ടെ, മദ്യങ്ങൾ ഉണ്ടാക്കപ്പെട്ടതിന്മേൽ മദ്യങ്ങളിൽ ഇടുകയാകട്ടെ ചെയ്യരുതു. വല്ല മരുന്നൊ, സസ്യസാധനമോ ജീവിയിൽ നിന്നുള്ള സാധനമോ, ആരോഗ്യഹാനികരമാണെന്നു നിശ്ചയിക്കുന്നതിനും, വല്ല വിധമായ ചാരായവും ഉണ്ടാക്കുന്നതിൽ വല്ല സാധനത്തേയും ഉപയോഗിക്കരുതെന്നു വിരോധിക്കുന്നതിനും എക്സൈസ് കമ്മിഷണൎക്ക അധികാരം ഉണ്ടു. വാഷിൽ ആകട്ടെ, വാററുയന്ത്രത്തിൽ ആകട്ടെ, വല്ല ധാരകപാത്രത്തിലാകട്ടെ, നിക്ഷേപണപാത്രത്തിലാകട്ടെ, വല്ല ബാഹ്യസാധനങ്ങളോ അപായകര സാധനങ്ങളോ ഇടുകയാകട്ടെ, ഇവയിൽ വല്ലതിലേക്കും വല്ല മാൎഗ്ഗത്തിലും പ്രവേശിപ്പിക്കയാകട്ടെ ചെയ്യാതെ വാററുശാലകളുടെ ചാൎജ് ഉള്ള ഉദ്യോഗസ്ഥന്മാർ നോക്കിക്കൊള്ളേണ്ടതാകുന്നു. ഇതിലേക്കായി ബാഹ്യസാധനങ്ങൾ പ്രവേശിപ്പിക്കാവുന്നവയായി ദ്വാരങ്ങളൊ മററു ഏൎപ്പാടുകളൊ ഇല്ലെന്നു നിശ്ചയംവരുത്തുന്നതിന്നായി ആ ഉദ്യോഗസ്ഥന്മാർ വാററുയന്ത്രങ്ങളേയും ധാരകപാത്രങ്ങളേയും നിക്ഷേപണപാത്രങ്ങളേയും, അവയെ യോജിപ്പിക്കുന്ന കുഴലുകളേയും ദിവസേന പരിശോധിക്കേണ്ടതാകുന്നു. വാററുശാലയുടെ ചാൎജ് ആയ ഉദ്യോഗസ്ഥന്റെ പരിശോധനത്തിൽ ബാഹ്യസാധനം പ്രവേശിപ്പിച്ചിട്ടുള്ളതായി വല്ല സംശയവും ഉണ്ടായാൽ, എക്സൈസ് കമ്മിഷണരുടെയൊ അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണരുടെയൊ ഉത്തരവുകൾ കിട്ടുന്നതുവരെ അങ്ങനെയുള്ള ധാരകപാത്രത്തേയൊ നിക്ഷേപണപാത്രത്തേയൊ ആ ഉദ്യോഗസ്ഥൻ പൂട്ടി മുദ്രവെക്കേണ്ടതും, സകല വിവരവും കാണിച്ചു കമ്മിഷണൎക്കൊ അസിസ്റ്റണ്ട് കമ്മിഷണൎക്കൊ സംഗതിയെപ്പററി റിപ്പോൎട്ട് ചെയ്യേണ്ടതും ആകുന്നു.

മദ്യങ്ങൾ നല്ലതരത്തിലുള്ളവ ആയിരിക്കണം; മാതൃകയ്ക്കു താഴെ തരത്തിലായിരിക്കരുതു.

൨൪. ഉണ്ടാക്കപ്പെടുന്ന മദ്യങ്ങൾ നല്ല തരത്തിലുള്ളവ ആയിരിക്കണം. ലൈസൻസുകാരൻ തന്റെ ടെണ്ടൎസിനോടു കൂടി അയച്ച മാതൃകയെക്കാൾ ഒരുവിധത്തിലും താഴ്ന്ന തരത്തിൽ ആയിരിക്കരുതു. ഈ മാതൃകയിൽ ഒരു ഭാഗം വാററുശാലയുടെ ചാൎജ് ഉള്ള ഉദ്യോഗസ്ഥൻ വച്ചിരിക്കേണ്ടതും, കൊടുക്കപ്പെടുന്ന മദ്യത്തിന്റെ അളവിലും വീൎയ്യശക്തിപ്രമാണത്തിലും മാതൃകയായി ഒത്തുനോക്കേണ്ടതും ആകുന്നു. മാതൃക പരിശോധനയൊ ഉപയോഗഹീനമായി തീരുകയൊ ചെയ്യാൻ ഇടയുണ്ടെങ്കിൽ, അസിസ്റ്റണ്ട് എക്സൈസ് കമ്മിഷണർ

വാററുശാലയിൽ നിന്ന ലൈസെൻസുകാരന്റെ ചെലവിൽ വച്ചു പുതിയ മാററപ്പെടുത്തി വച്ചുകൊള്ളേണ്ടതാകുന്നു.

കോടതിക്കു [illegible] ഉദ്ദേശിച്ചിട്ടുള്ളതോ, കൊണ്ടുവന്നിട്ടുള്ളതോ ആയ വല്ല ദ്രവ്യവും മാററുന്നതിന്നു [illegible] ചാരായത്തെ നീക്കപ്പെടുത്തുന്നതിന് എക്സൈസ് കമ്മിഷണർ തീർച്ചയായ അധികാരമുണ്ടായിരിക്കും.

ചാരായത്തിനു ഗുണം വരുത്തുന്നതിനായി യാതൊന്നും ചേർക്കരുത്. ൨൫. ചാരായത്തെ ഗുണം പിടിപ്പിക്കുന്നതിനോ അതിന്റെ രുചിയെ നന്നാക്കുന്നതിനോ ആയി അതിൽ യാതൊരു സാധനത്തെയും ചേർക്കരുത്.

ശർക്കരച്ചാരായം ഉണ്ടാക്കുന്നതിൽ ഉപയോഗിക്കാവുന്ന സാധനങ്ങൾ. ൨൬. ശർക്കരച്ചാരായം ഉണ്ടാക്കുന്നതിൽ ലൈസെൻസുകാരൻ താഴെ പറയുന്ന സാധനങ്ങളെ ഉപയോഗിക്കാം എന്നു അനുവദിച്ചിരിക്കുന്നു.

(൧) തെങ്ങിൻകള്ള്.

(൨) പനങ്കള്ള്.

(൩) ഈന്തപ്പനക്കള്ള്.

(൪) പഞ്ചസാര ഉണ്ടാക്കുന്നതിൽ മധ്യഗത സാധനമായിരിക്കുന്ന ശർക്കര: എന്നാൽ ഈ ശർക്കര മുഴുവൻ ലയിച്ചിരിക്കണം; ലയിക്കാതെ നിൽക്കുന്ന കഠിന സാധനത്തെ നീക്കിക്കളകയും വേണം.

(൫) സൈയാനൈഡ് വിഷം ചേർന്നതല്ലാത്ത വല്ല തരത്തിലുമുള്ള സ്റ്റാർച്ച് (മണ്ഡം)

(൬) വല്ല തരത്തിലും ഉള്ള ശർക്കര (വിശേഷിച്ചും കരിമ്പിൽനിന്നും അക്കാനിയിൽനിന്നും ഉള്ളതു.)

(൭) കരിമ്പിന്റെ ചാറു സൂക്ഷ്മമായി അരിച്ചു എടുത്തതു.

(൮) വെൾവേലം പട്ടയോ, അല്ലെങ്കിൽ അതതുകാലം ഉപയോഗത്തിനു കൊള്ളാമെന്നു നിശ്ചയിക്കപ്പെട്ടേക്കാവുന്ന മററു വല്ല മരപ്പട്ടയോ.

തെങ്ങിൻചാരായവും ശർക്കരച്ചാരായവും തമ്മിൽ കലർത്തരുതു. ൨൭. ലൈസെൻസുകാരൻ തെങ്ങിൻ ചാരായത്തോടുകൂടി ശർക്കരച്ചാരായത്തെ കലർത്തരുതു.

വാററുശാലകളിലും വെയർഹൌസിലും കാര്യം കൂടാതെ ആളുകൾ പ്രവേശിക്കരുതു. M. B. 37 & 50. ൨൮. വാററുശാലകളും, വെയർഹൌസും, എക്സൈസ് ഡെപ്പോവും അവയിൽ കാര്യം ഉള്ള ആളുകൾക്കു പ്രവേശിക്കാനും വെളിയിൽ വരാനും സ്വാതന്ത്ര്യം ഉള്ള സ്ഥലം ആകുന്നു. എന്നാൽ കാര്യംകൂടാതെ ആളുകൾ അവിടങ്ങളിൽ കൂടിയിരിക്കുന്നതിനെ തടുക്കേണ്ടതും അങ്ങിനെ വരുന്ന വല്ല ആളോ അല്ലെങ്കിൽ ലഹളകൂട്ടുന്ന ആളോ മദ്യപനോ ക്രമരഹിതമായി നടക്കുന്ന ആളോ വല്ല പ്രകാരത്തിലും നടപടിതെററു കാണിക്കുന്ന ആളോ ആയ വല്ല ആളെയും വെളിയിൽ ഇറക്കുവാൻ ആജ്ഞാപിക്കുന്നതിനും അതിന്നു നിർബന്ധിക്കുന്നതിനും കാര്യം വിചാരിക്കുന്ന ഉദ്യോഗസ്ഥനു അധികാരം ഉള്ളതും ആകുന്നു.

വാററുശാലയിലും വെയർഹൌസിലും പ്രവേശിക്കുന്ന ആളുകളെ ശോധന ചെയ്‌വാൻ അധികാരം. M. B. 38. ൨൯. വാററുശാലയിലോ വെയർഹൌസിലോ എക്സൈസ് ഡെപ്പോവിലോ പ്രവേശിക്കുന്ന എല്ലാ ആളുകളും അവിടെവെച്ചുള്ള തങ്ങളുടെ നടത്തക്കും നടപടിക്കും അതിലെ ചാർജായിരിക്കുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവിൽ ആയിരിക്കുന്നതാകുന്നു. അവർ സ്ഥലംവിട്ടു വെളിയിൽ പോകുമ്പോൾ അവരെ പരിശോധിക്കാവുന്നതും ആകുന്നു. എന്നാൽ ഈ അധികാരത്തെ വളരെ സൂക്ഷിച്ചു ഉപയോഗിക്കാവൂ.

യന്ത്രങ്ങളുടെ ഒരു ലിസ്റ്റ് ലൈസെൻസുകാരൻ കൊടുക്കണം. M. R. 39. ൩൦. ലൈസെൻസുകാരൻ തന്റെ ഓരോ വാററുശാലയിലോ വെയർഹൌസിലോ ഡെപ്പോവിലോ ഉപയോഗിച്ചു വരുന്ന യന്ത്രങ്ങളുടെ ഒരു ലിസ്റ്റ് ആണ്ടുതോറുമോ ആവശ്യപ്പെടുമ്പോൾ അധികം [illegible] അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുഖേന എക്സൈസ് കമ്മീഷണർക്കു അയക്കേണ്ടതാകുന്നു. അതിൽ കൂടുതലായി വരുത്തുന്നവയേയും, അതിൽ നഷ്ടം വന്നു കുറയുന്നവയേയും, അതിൽ വല്ലതിനും [illegible] രീതിയിന്നും കാണിച്ചു അപ്പോഴപ്പോൾ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരെ അറിയപ്പെടുത്തേണ്ടതും ആകുന്നു.

ലൈസൻസുകാരൻെറ വേലക്കാർ നിയമലംഘനം മുതലായവ പ്രവർത്തിക്കുന്നതായാൽ റിപ്പോർട്ട ചെയ്യണം.
M. R. 42.

൪൨. ചാരായം ഉണ്ടാക്കുന്നതിലൊ, ശേഖരിച്ച വെക്കുന്നതിലൊ വാങ്ങുന്നതിലൊ മിശ്രണം ചെയ്യുന്നതിലൊ കൊടുക്കുന്നതിലൊ ലൈസൻസ്കാരനാൽ നിയമിക്കപ്പെട്ട വല്ല ആളും അബ്കാരി ചട്ടങ്ങൾക്കൊ അവനും ആയി ചെയ്തിട്ടുള്ള കരാറുകൾക്കൊ വല്ല ലംഘനവും ചെയ്തതായി ലൈസൻസ്കാരൻെറ അറിവിൽ വരുന്നതായാൽ വിവരം അസിസ്റ്റണ്ട് എക്സൈസ് കമ്മീഷണർക്ക റിപ്പോർട്ട് ചെയ്യേണ്ടതും മേലാൽ അയാളെ ജോലിയിൽ വെച്ച നടത്തിക്കുന്നതിനെപ്പററി ആ ഉദ്യോഗസ്ഥൻെറ ഉത്തരവിൻപ്രകാരം നടക്കേണ്ടതും അയാളുടെ ചുമതലയാകുന്നു.

വാററശാലകളിൽ മൂടി ഇല്ലാത്ത വിളക്ക ഉപയോഗിച്ചുകൂടാ.
M. R. 43.

൪൩. വാററുശാലയിലൊ, വെയർഹൌസിലൊ എക്സൈസ് ഡെപ്പോവിലൊ മൂടി ഇല്ലാത്ത വിളക്ക ഉപയോഗിച്ചുകൂടാ. അതുപോലെ തന്നെ സ്വയമെ തീ കത്തുന്നതൊ വെടിപൊട്ടുന്നതൊ ആയ ഒരു സാധനത്തേയും അവിടെ ഉപയോഗിക്കയൊ ശേഖരിക്കയൊ ചെയ്തുകൂടാ.

ചട്ടങ്ങളെയും മററും ലംഘിക്കുന്നതിനാൽ ഉള്ള ഫലം.
M. R. 44.

൪൪. ഈ ചട്ടങ്ങളേയൊ ലൈസൻസിലെ വ്യവസ്ഥകളേയോ ലംഘിക്കുന്ന സംഗതികളിലും അല്ലെങ്കിൽ ചാരായം അളക്കുന്നതിലൊ വീര്യശക്തി നിണ്ണയിക്കുന്നതിലൊ അതിലെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനെ ലൈസൻസ് കാരനൊ അഥവാ അയാളുടെ ഉദ്ദേശ്യത്തോടും പ്രേരണയോടും കൂടി അയാളുടെ വല്ല വേലക്കാരനൊ ചതിക്കാൻ ശ്രമിക്കുന്ന സംഗതികളിലും അങ്ങിനെ ചട്ടങ്ങളെയോ വ്യവസ്ഥകളെയോ ലംഘിക്കുന്ന ഓരോ സംഗതിക്കും ൫൦൰ രൂപായിൽ കവിയാതെ ഒരു പിഴ അയാൾക്ക നിശ്ചയിക്കുന്നതിനും അല്ലെങ്കിൽ ദിവാൻ ഉചിതം ആണെന്ന വിചാരിക്കുന്ന പക്ഷം അയാൾ കെട്ടിവെച്ചിട്ടുള്ള ഡെമണിയെ ഇളുന്നതായും ലൈസൻസിനെ റദ്ദ് ചെയ്തിരിക്കുന്നതായും പ്രസിദ്ധപ്പെടുത്തുന്നതിനും ദിവാന്ന അധികാരം ഉണ്ട്. ൟ ഖണ്ഡം അനുസരിച്ച നിശ്ചയിക്കുന്ന എല്ലാ പിഴയേയും ലൈസെൻസിലെ വ്യവസ്ഥകൾ പ്രകാരം നടന്നുകൊള്ളാം എന്നുള്ളതിന്ന ഉറപ്പായി ലൈസെൻസുകാരൻ കെട്ടിവച്ചിട്ടുള്ള ഡേമണിയിൽ നിന്ന കുറയ്ക്കുന്നതു നിയമാനുസൃതം ആയിരിക്കയും ചെയ്യും.

പിഴ വിധിക്കുന്നതുകൊണ്ടു പ്രാസിക്യൂഷന്ന വിരോധം ഇല്ല.
M. R. 45.

൪൫. അടുത്തു മുമ്പുള്ള വകുപ്പിൻ പ്രകാരം പിഴ വിധിക്കുന്നതുകൊണ്ടൊ ഡേമണി ഇളുന്നു പോകുന്നതുകൊണ്ടൊ ലൈസൻസ് റദ്ദ് ചെയ്യുന്നതുകൊണ്ടൊ കലാൽ റെഗുലേഷനിലെ വ്യവസ്ഥകൾക്ക ആകട്ടെ എക്സൈസ് റെവന്യു സംബന്ധിച്ച തല്ക്കാലം നടപ്പിൽ ഉള്ള ചട്ടങ്ങൾക്ക ആകട്ടെ വിരോധമായി ചെയ്യുന്ന വല്ല കുററത്തിനും അയാളെ പ്രാസിക്യൂട് ചെയ്യുന്നതിന്ന വിരോധം ഇല്ല.

കുററസ്ഥാപനമായാലും മററും ലൈസൻസ് ഇളുന്നുപോകൽ.
M. R. 46.

൪൬. കലാൽ റെഗുലേഷന്നൊ, എക്സൈസ് മുതലെടുപ്പിനെ സംബന്ധിച്ച അതതു കാലം നടപ്പുള്ള മററു നിയമത്തിന്നൊ, ഒരു മജിസ്ത്രേട്ടിനെ മുമ്പാകെ പ്രാസിക്യൂട് ചെയ്യപ്പെട്ട കുററസ്ഥാപനം ആയാൽ അങ്ങനേയുള്ള ലൈസൻസ്കാരൻെറ ലൈസൻസ് ഇളുന്നുപോയിട്ടുള്ളതായി ദിവാൻ പ്രസിദ്ധപ്പെടുത്തുന്നതു നിയമാനുസൃതം ആയിരിക്കും.

ലൈസൻസുകാരൻ അടയ്ക്കേണ്ട സംഖ്യകളെ ഈടാക്കൽ.
M. R. 47.

൪൭. ലൈസൻസുകാരൻ ഗവമ്മെണ്ടിലേക്ക അടയ്ക്കേണ്ടതായ എല്ലാ സംഖ്യകളേയും, അയാളുടെ ഡേമണി തുകയിൽ നിന്ന കുറയ്ക്കുകയൊ, കരംപിരിവു റെഗുലേഷൻ അനുസരിച്ച അയാളുടെ സ്വത്തിനെ ജപ്തിയാക്കി വിററു ഈടാക്കുകയൊ ചെയ്യാവുന്നതാകുന്നു.

ഡേമണി ലൈസൻസുകാരൻ കെട്ടണം.
M. R. 48.

൪൮. അങ്ങനെ കുറച്ചിട്ടുള്ളതായി എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്ന ലൈസൻസുകാരന്ന അറിയിപ്പ കിട്ടി പതിനഞ്ചു ദിവസം കഴിയുന്നതിന മുമ്പ്, ലൈസൻസുകാരൻ തൻെറ ഡേമണിയിൽ നിന്ന കുറയ്ക്കപ്പെട്ട തുകയെ വീണ്ടും കെട്ടി ഡെമണിത്തുകയെ പൂത്തിയാക്കേണ്ടതാകുന്നു.

ലൈസൻസ് കാലം തീരുമ്പോൾ ശേഷമുള്ള മുതലുകളെ നീക്കിക്കൊണ്ടുപോകണം.
M. R. 49.

൪൯. ലൈസൻസിലെ കാലാവധി തീരുകയൊ അല്ലെങ്കിൽ ലൈസൻസ് റദ്ദ്ചെയ്യപ്പെടുകയൊ സസ്പെണ്ഡ് (തല്ക്കാലത്തേക്ക നിറുത്തൽ) ചെയ്യപ്പെടുകയൊ ചെയ്യുമ്പോൾ, അതിൽ സംബന്ധപ്പെട്ട ലൈസൻസ്കാരൻ വാററുശാലയിൽ ആകട്ടെ, വെയർ ഹൌസിൽ ആകട്ടെ, എക്സൈസ് ഡെപ്പോവിൽ ആകട്ടെ, ബാക്കി ഉണ്ടായിരിക്കുന്ന എല്ലാ മദ്യങ്ങളേയും, അവയിന്മേൽ ഉള്ള തീരുവ ഒടുക്കിത്തീർത്തു നീക്കിക്കൊണ്ടു പോകാൻ ബാധ്യപ്പെട്ടിരിക്ക

ന്നും, അസിസ്റ്റൻറ് എക്സൈസ് കമിഷണർ രേഖാമൂലം ആജ്ഞാപിച്ചിട്ടുള്ള നോട്ടീസ് കൊടുത്തു പത്തു ദിവസത്തിനകം അപ്രകാരം അനുസരിക്കാത്തപക്ഷം, വാററുശാലയിലോ, വെയർഹൌസിലോ, എക്സൈസ് ഡെപ്പോവിലോ നിക്ഷിപ്തമായി വരുന്ന വല്ല സ്പിരിററിനെയും വിലവിന്റെ വിററതിൽ നിന്നു ഈടാക്കുന്നതും ആകുന്നു. ഇതിൽ ആദ്യമായി പറഞ്ഞ പ്രകാരം വിലവിന്റെ മുഴുവനും പോലെ മദ്യങ്ങൾ ഉണ്ടാക്കപ്പെടുന്നതിനു ഇടയാകുന്നതും ആകുന്നു.

൫൪. ലൈസൻസുകാരുടെ ആവശ്യങ്ങൾ അനുസരിച്ച്, കള്ളിൽ നിന്നോ പനംചക്കരയിൽ നിന്നോ ശർക്കരയിൽ നിന്നോ, മററു സ്റ്റാർച്ച് (ശർക്കര ദ്രവ്യം) ഉള്ള സാധനങ്ങളിൽ നിന്നോ വാററി എടുക്കുന്ന മദ്യം ലൈസൻസുകാർക്കു കൊടുക്കേണ്ടതാകുന്നു. പ്രമാണത്തിനു കൊടുക്കുന്ന സംഗതിയിൽ കഴികെ, ഈ മദ്യം, ഗവർമ്മെണ്ട് അതതു കാലം നിശ്ചയിക്കാവുന്ന വീര്യശക്തി ഉള്ളതായിരിക്കേണ്ടതാകുന്നു.

അധികാരപ്പെടുത്തപ്പെട്ട വീര്യശക്തിയിൽ മദ്യം കൊടുക്കൽ.
M. R. 54.

എന്നാൽ ഉചിതമായ വീര്യശക്തി, വരുത്തുന്നതിനുവേണ്ടി മിശ്രണം ചെയ്യാനോ കുറഞ്ഞതോ വേറെ ഏതു വീര്യശക്തിയിലും ഉള്ള മദ്യങ്ങളെ ഉണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്നതിനു അയാൾക്കു സ്വാതന്ത്ര്യം ഉണ്ടു. ഇപ്പോഴത്തെ ഗവർമ്മെണ്ട് നിശ്ചയിക്കുന്ന വീര്യശക്തി ൨൫ ഡിഗ്രിയും ൩൦ ഡിഗ്രിയും ആകുന്നു.

൫൫. ഏതു വീര്യശക്തിയിൽ മദ്യങ്ങൾ കൊടുക്കാൻ അനുവദിച്ചിട്ടുണ്ടോ ആ ശക്തിയിൽ മദ്യങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി ലൈസൻസുകാരനു കഴിവുണ്ടാകുന്നതിനായി, അയാൾ വെയർഹൌസുകളുടെയോ വാററുശാലകളുടെയോ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥനോടു അപേക്ഷിക്കുന്നതായാൽ, വെയർഹൌസുകളിലും വാററുശാലകളിലും വെച്ചു മാത്രവും, ആ ഉദ്യോഗസ്ഥൻ അനുവദിക്കുന്ന നിക്ഷേപണപാത്രങ്ങളിൽ വെച്ചു മാത്രവും ആയിട്ടു മദ്യങ്ങളുടെ വീര്യശക്തികൾക്കായി അവയെ മിശ്രണം ചെയ്യുകയോ അവയുടെ വീര്യശക്തി കുറയ്ക്കുകയോ ചെയ്യുന്നതിനു അയാളെ അനുവദിക്കുന്നതാകുന്നു.

വാററുശാലകളിലും വെയർഹൌസുകളിലും മദ്യങ്ങളെ വീര്യശക്തി മാററി മിശ്രണം ചെയ്യാവുന്നതാകുന്നു.
M. R. 55.

മിശ്രണംചെയ്തു വീര്യശക്തി ശരിപ്പെടുത്തിയവയോ വീര്യം കുറച്ചവയോ ആയ മദ്യങ്ങളെ പ്രത്യേകം പാത്രങ്ങളിൽ വച്ചിരിക്കേണ്ടതാകുന്നു. ഇങ്ങനെ ചേർക്കുന്നതിലാകട്ടെ വീര്യം കുറക്കുന്നതിലാകട്ടെ, ഉണ്ടാകുന്ന ചേതവാരത്തിനോ അളവു ചുരുങ്ങുന്നതിനോ, വകവച്ചു കൊടുക്കുന്നതല്ല.

൫൬. മദ്യവീര്യമാപനയന്ത്രം വീര്യശക്തിയെ കാണിക്കുന്നതിനു അവ്യക്തമാക്കി മറയ്ക്കത്തക്ക വിധത്തിൽ ഉള്ള ശർക്കരദ്രവ്യം (സ്റ്റാർച്ച്) ചേർന്ന സാധനമോ മററു സാധനമോ, മദ്യങ്ങളിൽ പ്രവേശിപ്പിക്കുന്നതായാൽ, അങ്ങനെ ഉള്ള സാധനം പ്രവേശിപ്പിക്കുന്നതിനു മുമ്പു ആ മദ്യങ്ങൾക്കു അളവും വീര്യവും എന്തായിരുന്നുവോ ആ വീര്യത്തിനേലും അളവിനേലും തീരുവ കണക്കാക്കുന്നതാകുന്നു. അങ്ങനെയുള്ള സാധനം ചേർത്തതിനു മേലും, വാററുശാലയിൽ നിന്നാകട്ടെ, വെയർഹൌസിൽ നിന്നാകട്ടെ, ആ മദ്യങ്ങളെ നീക്കിക്കൊണ്ടു പോകുന്നതിനു മുമ്പും ആ മദ്യങ്ങളിൽ ഉണ്ടാകുന്ന ചേതവാരത്തിനു വകവച്ചുകൊടുക്കുന്നതല്ല. അങ്ങനെ ഉള്ള മദ്യങ്ങളെ പ്രത്യേകം പാത്രത്തിൽ വച്ചിരിക്കേണ്ടതാകുന്നു.

മദ്യത്തിൽ സ്റ്റാർച്ച് (ശർക്കരദ്രവ്യം) ഉള്ള സാധനങ്ങൾ മുതലായവ പ്രവേശിപ്പിക്കൽ.
M. R. 56.

൫൭. (ക) തീരുവ വാററുശാലയോ, വെയർഹൌസിനോ എക്സൈസ് ഡെപ്പോവിനോ മാററിക്കൊണ്ടു പോകുന്നതിനായി പ്രമാണത്തിന്മേലും;

(ഖ) സർക്കാർ വക കാര്യങ്ങൾക്കായി സർക്കാർ ജീവനക്കാർക്കും ലൈസൻസുള്ള വിദ്യാധികൾക്കും കൊടുക്കുന്നതിനുവേണ്ടിയായി, വാററുകൂലി (Still head charges.) കൊടുക്കുന്നതിന്മേലും;

(ഗ) എക്സൈസ് കമിഷണരുടെയോ, അസിസ്റ്റൻറ് എക്സൈസ് കമിഷണരുടെയോ ഉത്തരവിന്മേൽ, കെമിക്കൽ പരിശോധനയോ മററു പരീക്ഷയോ, ഒരേ സമയത്തു ൧ ഔൺസിൽ കവിയാതെ, വല്ല എക്സൈസ് ഇൻസ്പെക്ടർക്കും ആയിട്ടും;

വാററുശാലകളിൽ നിന്നും വെയർഹൌസുകളിൽ നിന്നും എക്സൈസ് ഡെപ്പോകളിൽ നിന്നും മദ്യങ്ങൾ നീക്കിക്കൊണ്ടു പോകാവുന്നതാകുന്നു.

വാററുശാലകളിൽ നിന്നും വെയർഹൌസുകളിൽ നിന്നും മദ്യങ്ങൾ നീക്കിക്കൊണ്ടു പോകൽ.
M. R. 57.

നീക്കിക്കൊണ്ടുപോകുന്നതിനു മുമ്പു, മദ്യങ്ങളെ അളക്കുകയും വീൎയ്യം എത്ര ഉണ്ടെന്നു നിൎണ്ണയം ചെയ്തു നോക്കുകയും ചെയ്യണം.
M. R. 58.

൭൩. അളക്കുന്നതിന്നും വീൎയ്യമാപനംചെയ്യുന്നതിന്നും ഉള്ള ആജ്ഞകൾ അനുസരിച്ച് വാററുശാലയുടേയൊ വെയർ ഹൌസിന്റെയൊ എക്സൈസ് ഡെപ്പോവിന്റെയൊ ചാൎജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ മദ്യങ്ങളെ അളക്കുകയും വീൎയ്യമാപനംചെയ്യുകയും ചെയ്യുന്നതിന്നു മുമ്പിൽ അവയിൽ നിന്നു മദ്യങ്ങളെ വെളിയിൽ വിടുകയൊ അവയിൽ മദ്യങ്ങളെ സ്വീകരിക്കയൊ ചെയ്യരുതു.

ലൈസൻസുകാരന്റെ ചുമതലയിന്മേൽ; പ്രമാണത്തിന്മേൽ ചാരായം നീക്കി കൊണ്ടുപോക.
M. R. 60

൭൪. ലൈസൻസുകാരന്റെ ചുമതലയിന്മേൽ മാത്രമെ ഒരു വാററുശാലയിൽ നിന്നൊ വെയർ ഹൌസിൽ നിന്നൊ പ്രമാണത്തിന്മേൽ ചാരായം നീക്കിക്കൊണ്ടുപോകാവു. അങ്ങിനെ നീക്കിക്കൊണ്ടുപോകുന്നതു അളവു ചെയ്തിട്ടുള്ളതും രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ വീപ്പകളിൽ മാത്രമെ ആകാവു. പെൎമ്മിട്ടു കൊടുക്കുംമുൻപെ ചാൎജ് വഹിക്കുന്ന ഉദ്യോഗസ്ഥനാൽ ഇവകൾ മുദ്രവെക്കേണ്ടതാകുന്നു.

കടക്കാൎക്ക കൊടുക്കുന്നതിലേക്കായി നീക്കി കൊണ്ടുപോക.
M. R. 62.

൭൫. ൩൪ ാം ചട്ടം ൨ ാം ഖണ്ഡം അനുസരിച്ച ചാരായം കൊടുക്കുന്നതു (൧) ലൈസൻസുള്ള ചാരായ വില്പനക്കാൎക്കും (൨) ലൈസൻസ് ഉള്ള സ്വതന്ത്ര പീടികക്കാർ ഉണ്ടെങ്കിൽ അവൎക്കും അവരുടെ അപേക്ഷയിന്മേലും. ഗവൎമ്മെണ്ടിൽ നിന്നു നിശ്ചയിച്ചിട്ടുള്ള still head charges തുകയെ വല്ല ഗവൎമ്മെണ്ടു ഖജനാവിലൊ ചാൎജ് വഹിക്കുന്ന ആഫീസർ വാങ്ങിക്കാൻ അധികാരം ഉണ്ടെങ്കിൽ അയാളുടെ പക്കലൊ കൊടുത്തതിന്മേലും ആയിരിക്കും. പണം ഖജനാവിൽ ഒടുക്കുന്നതു. ചാൎജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഒരു ചെല്ലാനോടുകൂടി ഇരിക്കണം.

കൊടുക്കുന്ന ചാരായത്തിന്റെ ഏററവും കുറഞ്ഞ തുക.
M. R. 64

൭൬. യാതൊരുവിധം ചാരായവും എത്ര വീൎയ്യം ഉള്ള ചാരായവും അടുത്ത മുമ്പുള്ള വ്യവസ്ഥയിൽ വിവരിച്ചിട്ടുള്ള യാതൊരു ആൾക്കും താഴെ വിവരിക്കുന്ന തുകകൾ കുറവായി ഒരേ സമയത്തു കൊടുത്തുകൂടാ.

ലൈസൻസുള്ള ചാരായം വില്പനക്കാർ ൭ ഗാലൻ
ലൈസൻസുള്ള സ്വതന്ത്ര പീടികക്കാരൻ ൧ ഗാലൻ

ചോൎച്ച ആവിയായി പരിണമിക്കൽ മുതലായ വഴിയിലും ഉള്ള നഷ്ടത്തിനു വകവച്ചു കൊടുക്ക

൭൭. പ്രമാണത്തിന്മേൽ കടത്തിക്കൊണ്ടുപോകുന്ന ചാരായം വഴിക്കു ചോൎന്നുപോകുന്നതിനാലും ആവിയായി പോകുന്നതിനാലും ഉണ്ടാകുന്ന നഷ്ടത്തിനു താഴെ വിവരിക്കുന്ന എത്രയും കൂടുതലായ നിരക്കിനോളം വകവച്ചു കൊടുക്കുന്നതാകുന്നു :—

	൧൦൦—നു
൧൦ മൈല്സിനു അധികം അല്ലാത്ത ദൂരത്തിനു	൦
൧൦ മൈല്സിനു അധികവും ൧൦൦ മൈല്സിനു കവിയാതെയും ഉള്ള ദൂരത്തിനു	൨
൧൦൦ മൈല്സിനു കവിഞ്ഞ ദൂരത്തിനു	൭

പ്രമാണത്തിന്മേൽ കടത്തിക്കൊണ്ടുപോകുന്ന ചാരായത്തെ വേണ്ട സ്ഥലത്തു എത്തിയ ഉടനെ അളന്നു വീൎയ്യം നോക്കിയ ആഫീസരുടെ റിപ്പോൎട്ടിൻപ്രകാരം മേൽ വിവരിച്ച നിരക്കിനു കൂടുതലായി ചേതം വന്നിട്ടുള്ളതായി കാണുന്നതായാൽ മേൽ വിവരിച്ച നഷ്ടം വകവെക്കലിനു കൂടുതലായി ഉള്ള കുറവിന്മേൽ നിശ്ചയിച്ചിട്ടുള്ള നിരക്കിനു ലൈസൻസുകാരൻ തീരുവ കൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ കുറവു യാദൃച്ഛികമായൊ തടുക്കാൻ പാടില്ലാത്ത മററു കാരണത്താലൊ സംഭവിച്ചിട്ടുള്ളതാണെന്നു തൃപ്തികരമായ വിധത്തിൽ എക്സൈസ് കമ്മിഷണരെ ബോദ്ധ്യപ്പെടുത്തുന്നതായാൽ തീരുവ മടക്കി കൊടുക്കേണ്ടതാകുന്നു. എക്സൈസ് കമ്മിഷണരുടെ തീൎച്ച അവസാന തീൎച്ചയായിരിക്കും.

ഈ ചട്ടപ്രകാരം വകവെച്ചു കൊടുക്കുന്ന തുകയെ നീക്കിക്കൊണ്ടു അയച്ചിട്ടുള്ള ചാരായത്തിന്റെ അളവിൽ നിന്നു ചെന്നെത്തേണ്ട സ്ഥലത്തു ചേരുന്ന സമയം ഉണ്ടായിരുന്ന ചാരായത്തിലെ അളവിനെ കുറച്ചു വേണ്ടതാകുന്നു. എന്നാൽ ഈ രണ്ടു തുകയേയും പ്രൂഫ് ഗാലൻ ആക്കി എഴുതേണ്ടതാകുന്നു. അയക്കുന്നതിൽ ഉള്ള ഒരോ പീപ്പയിലൊ മററു പാത്രത്തിലൊ ഉള്ള അളവിന്മേൽ കണക്കു കൂട്ടേണ്ടതും ആകുന്നു.

൫൧. ഇപ്പോൾ തന്നെ നടപ്പിൽ ഉള്ളവയൊ, മേലാലെങ്കിലും ഇപ്പോൾ ഉള്ള കവാൽ നിയമം അനുസരിച്ചൊ അഥവാ ഇനി മേലാൽ ഏൎപ്പെടാവുന്ന വല്ല നിയമം അനുസരിച്ചൊ അപ്പോഴപ്പോൾ ഉണ്ടാകുന്നവയൊ, ആയ എല്ലാ കൃത്യങ്ങളെ ചൊല്ലു ചട്ടങ്ങളേയും ഓരോ തരം വാററു സത്രശാലയേയൊ വെയർഹൌസിനേയൊ ഏക്സൈസ് ഡിപ്പാൎട്ടുമെന്റിനേയൊ പററി ഗവൎമ്മെണ്ടിൽ നിന്നു ഉണ്ടാവുന്ന എല്ലാ സ്പെഷ്യൽ ഉത്തരവുകളേയും ലൈസൻസുകാരൻ അനുസരിക്കേണ്ടതാകുന്നു. ഇതിനു പുറമെ ചാരായം കൊണ്ടുപോകുന്നതിനും ഉണ്ടാക്കുന്നതിനും കൊടുക്കുന്നതിനും മററും ആയി ലൈസൻസുകാരൻ ഏൎപ്പെടുത്തുന്ന എല്ലാ ആളുകളെക്കൊണ്ടും ലൈസൻസുകാരൻ ഈ ചട്ടങ്ങളെ അനുസരിപ്പിക്കേണ്ടതാകുന്നു.

ലൈസൻസുകാരൻ ഉത്തരവുകൾ അനുസരിക്കേണ്ടതാകുന്നു.
M. R. 51.

൫൨. മററു വല്ല വിധത്തിലും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ ഏക്സൈസ് ഡിപ്പാൎട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരാൽ ഈ ചട്ടങ്ങൾ അനുസരിച്ചു കൊടുക്കപ്പെടുന്ന എല്ലാ ഉത്തരവുകളിന്മേലും, നടത്തപ്പെടുന്ന പ്രൊസീഡിംഗ്സുകളിന്മേലും രണ്ടു മാസത്തിനകം അതാതു അടുത്ത മേലധികാരികൾക്കു അപ്പീൽ കൊടുക്കാവുന്നതാകുന്നു. ഇങ്ങിനെയുള്ള അപ്പീലുകളിൽ ദിവാന്റെ തീൎപ്പു അവസാന തീൎപ്പായിരിക്കും.

അപ്പീൽ.
M. R. 52.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൩ ആഗസ്റ്റ് ൨൮-ന

വി. നാഗമയ്യാ,
സീനിയർ ദിവാൻപേഷ്കാർ
ഇൻചാൎജ്.

No. S. R. 4714.

Customs Notification.

It is hereby notified under sanction of His Highness the Maha Rajah that stereo-typing metal is liable to import duty under Article 15 'General Duties' of the Tariff Notification No. S. R. 400, dated the 6th February 1907, and not exempt from duty under Article 57 of the schedule.

Huzur Cutcherry,
Trivandrum,
17th Sept. 1907.

V. NAGAM AIYA,
Senior Dewan Peishkar,
In Charge.

ചുങ്കം വക പരസ്യം.

കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ സ്റ്റീരിയൊ ടൈപ്പിങ് (ലോഹം) ലോഹത്തിനു ൧൯൦൭ ഫെബ്രുവരി ൬-നു-ലെ ൪൦൦/S. R ാം നമ്പർ താരിപ്പു പരസ്യത്തിലെ സാധാരണ തീരുവകൾ എന്ന തലവാചകത്തിൽ ൧൫-ാം ഇനത്തിൻപ്രകാരം ഇറക്കുമതിത്തീരുവ ചെല്ലേണ്ടതാണെന്നും ടി പരസ്യത്തിലെ പട്ടികയിൽ ൫൭ ാം വകുപ്പിൻ പ്രകാരം ചുങ്കത്തീരുവയിൽ നിന്നു ഒഴിപ്പിച്ചിട്ടില്ലാത്തതും ആകുന്നു.

ഹജൂർ കച്ചേരി
തിരുവനന്തപുരം
൧൯൦൭ സെപ്തംബർ ൧൭-നു

വി. നാഗമയ്യാ,
സീനിയർ ദിവാൻപേഷ്കാർ,
ഇൻചാൎജ്.

No G. 6456.

NOTIFICATION.

In modification of the notification published on page 1095 of the Government Gazette dated 24th September 1907, the following revised lists of plague-infected areas and of passport-issuing stations are published for general information :—

A.—PLAGUE-INFECTED AREAS.

I.—In the Madras Presidency.

District.	Taluk.	Village or town.
Bellary.	Kudligi ...	Kodihalli.
	Bellary.	Bellary. Kolagalu. Kullukutikinabalu.
	Hadagalli ...	Kadlebalu.
Coimbatore.	Satyamangalam.	Doddamudukarai. Panakahalli.
Malabar ...	Kottayam ...	*Tellicherry.*
Salem ...	Hosur ...	Bigisettipalli. Bodichipalli. Doddatammandapalli. Doddégavunipalle. Gummalapuram. Hosapuram. Hosur. Karmur. Kasuvugatta. Komaranpalli. Koramr. Kottagondapalli.
Salem—*cont.*	Hosur—*cont.*	Kottapalli (zamindari). Kundumaranapalli. Kurubatti. Masinayakkanpalli. Matakur (inam). Mattigiri (Kirabatti hamlet). Morasur. Nallur (survey No. 133). Onnupalli (survey No 287.) Osatti. Panchakshipuram. Puvanahalli. Saragopalli. Settipalli (survey No. 190.) Togarai Agraharam (inam). Torapalli.
South Canara.	Mangalore ...	Mangalore.

NOTE.—The town in italics is a Railway station.

II.—Outside the Madras Presidency.

(1) Mysore State.

(2) *Bombay—Northern Division.*—The *districts* of Ahmedabad, Broach, Kaira, Panch Mahals, Surat and Thana; *city* of Bombay; *ports* of Bandra, Bhiwndi and Bulsar; Palanpur *State.* Palanpur *agency.* Mahikanta *agency. Central Division.*—The *districts* of Khandesh East and West, Nasik, Poona, Satara and Sholapur; Poona *city. Southern Division.*—The *districts* of Belgaum, Dharwar, Kanara, Kolaba, and Ratnagiri; *ports* of Dabhol, Malwan and Vangurla; Savantvadi *State. Sindh.*—Karachi *town* and *port. Political Charges.*—The Kolhapur and Southern Mahratta *country*; the *States* of Baroda, Cutch, Satara and Surat; the *ports* of Arambdha, Cambay, Billimora, Jafrabad, Kodinar, Mongrel and Porbandar; Kolhapur *town*; Kathiawar, Satara and Surat *Agencies.*

(3) *Bengal.*—The *city* of Calcutta and the *districts* of Burdwan, Darbhanga, Gaya, Hazaribagh, Muzaffarpur, Palamau, Saran, and Shahabad and the *towns* of Bhagalpur, and Darbhanga.

(4) *The Punjab.*—The *districts* of Amritsar, Attock, Delhi, Ferozepur, Gujranwala, Gujrat, Gurdaspur, Hissar, Hoshiarpur, Jhelum, Jullundur, Karnal, Lahore, Ludhiana, Montgomery, Rawalpindi, Rohtak, Shahpur, Sialkot and Amballa, and the *cities* of Amritsar, Jullundur, and Lahore.

(5) *The United Provinces of Agra and Oudh.*—The *districts* of Azamgarh, Bahraich, Ballia, Bara Banki, Basti, Benares, Dehra Dun, Fyzabad, Hardoi, Ghazipur, Gorakhpur, Meerut, and Moradabad, the *city* of Allahabad.

(6) *The Central Provinces (including Berar).*—The *districts* of Akola, Amraoti, Bhandara, Buldana, Chindwará, Jubbalpore, Nagpur, Narasingpur, Seoni and Yeotmal; Chanda, Drug *towns*; Jubbalpore *cantonment.*

(7) *Burma.*—Rangoon *port* and the *districts* of Amherst, Bassein, Hanthawaddy, Henzada, Mandalay, Maubin, Meiktila, Myaungmya, Pegu, Prome, Shwebo, Tharawaddy, Thaton, Thayetmyo, Toungoo and Yamethin and the *towns* of Mandalay and Moulmein.

(8) *Kashmir.*—The *districts* of Jammu and Mirpur.

(9) *Hyderabad.*—The *districts* of Gulburga and Usmanabad.

(10) *Rajputana.*—The *State* of Marwar; *city* of Ajmer.

(11) *North-West Frontier Province.*—The *town* of Peshawar and the *districts* of Hazara and Peshawar; Peshawar *cantonment.*

(12) *Central India.*—Bhopal and Sailana *States.*

B. PASSPORT STATIONS.

Madras Railway.

Madras-Bangalore line:	South-west line:
Gudupalli.	Ettakot.
Kuppam.	Mahe,
Mulanur.	Tellicherry.
Patchur.	

Southern Mahratta Railway.

Bellary.	Kottur.

2. Persons arriving from the places above mentioned should be required to take out passports.

Huzur Cutcherry,
Trivandrum,
2nd October 1907.

V. NAGAM AIYA,
Senior Dewan Peishkar, in charge.

NOTIFICATION.

Under Section 2 of the Epidemic Diseases Regulation II of 1073, it is hereby notified that quarantine should be imposed against arrivals from the Port of Singapore, intimation having been received that the place is infected with cholera.

Huzur Cutcherry,
Trivandrum,
1st October 1907.

V. NAGAM AIYA,
Senior Dewan Peishkar, in charge.

പരസ്യം

൧൦൭൩-ാം ആണ്ടത്തെ ൨-ാം റെഗുലേഷനായ സാംക്രമികരോഗ റെഗുലേഷൻ ൨-ാം വകുപ്പനുസരിച്ച് ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ സിംഗപ്പൂരിൽ വിഷൂചികരോഗം ഉള്ളതായി അറിവു കിട്ടിയിരിക്കയാൽ ആ തുറമുഖത്തിൽനിന്നു വരുന്ന ഉരുക്കൾക്കു ക്വാറൻടൈൻ പരിശോധന വേണ്ടതാകുന്നു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ ഒക്ടോബർ ൧-

വി. നാഗമയ്യാ,
സീനിയർ ദിവാൻപേഷ്കാർ ഇൻചാർജ്.

ജി, ൩൬൩൨.

പരസ്യം

തിരുവനന്തപുരത്തു മതിലകത്തു വച്ചു ൧൦൮൩ വരുന്ന തുലാമാസം ൧൮-നു മുതൽ തൃക്കൊടിയെറി തിരുവുത്സവം തുടങ്ങി നടക്കുന്ന വകക്കു സദ്യക്കും കലശം ഉൾപ്പെട്ട ചിലവിനും ൧൬൦൨ പറ നാടൻ ചമ്പാ ഉണക്കലരിയും ൩൬൩൭ പറ പാണ്ടി വെള്ള പുഴുക്കലരിയും ഇതിനു ഒന്നും ൩൯൨൧ പറ അരി വെണ്ടുന്നതു സഹായ വിലക്കു ഏൾപ്പിപ്പാൻ മനസ്സുള്ള ആളുകൾക്കു കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലസമയം അരിയുടെ തരം കാണിക്കാവുന്നതുമാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

൧-ാമതു. ൧൦൮൩ വക അരി പഴുപ്പും പൂപ്പും ഇല്ലാതെയും നല്ല മെനിയായിട്ടും തരത്തിനു ശരിയിട്ടതായും ശെഖരിച്ചു ഉത്സവമഠത്തിൽ ഹാജരാക്കി അവിടത്തെ പറക്കു തവണക്രമത്തിനും ആവശ്യപ്പെട്ട ശട്ടം കെട്ടുന്നതുപൊലെയും കീഴിലെ പതിവു അനുസരിച്ചും അളവു കൊടുപ്പാനുള്ളതാകുന്നു.

൨-ാമതു മെലെഴുതിയതിന്മണ്ണം അരി ശെഖരിച്ചു ഏൾപ്പിക്കുന്നതിനു മനസ്സുള്ള ആളുകളൊടു ഹജൂർക്കച്ചെരിയിൽ വച്ചു ലെലമായിട്ടു കെട്ടു സഹായ വിലക്കു കുത്തക സ്ഥിരപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നാൽ ലെലത്തിൽ ചെരുന്ന ആളുകൾ ക്രമപ്രകാരം ജാമ്യമൊ ഡെമണിയൊ ഹാജരാക്കി കുത്തക നടക്കമെന്നുള്ള ഉറപ്പിനു വെണ്ടി ലെലസമയം ൧൦൦ രൂപാ ഡെമണി കെട്ടിവെക്കെണ്ടതും അങ്ങിനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലെലത്തിൽ ചെക്കുന്നതല്ലാത്തതുമാകയാൽ മെൽ വിവരിച്ച ക്രമത്തിനു കുത്തക ഏറെറ നടപ്പാൻ മനസ്സുള്ള ആളുകൾ ൧൦൮൩ വരുന്ന തുലാമാസം ൧൩-നു പകൽ ൧൨ മണിക്കു മെൽപ്രകാരം രൂപായൊടു കൂടി ഹജൂർക്കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചു കൊള്ളുകയും വെണം.

൩-ാമതു. ലെലം സ്ഥിരപ്പെട്ടു കൂടുമ്പൊൾ മെൽ പറഞ്ഞതിന്മണ്ണം കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയൊഗപ്പെടുത്തുകയും ശെഷംപെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൪-ാമതു. കുത്തകക്കു ഏല്പെടുന്ന ആളുകൾ പൊരാത്ത ഡെമണി വച്ചു ഉടമ്പടി ചെയ്തു അരി ഏൾപ്പിക്കാതിരിക്കയൊ വീഴ്ച വരുത്തുകയൊ ൧൦൮൩ കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ഹാജരാക്കുന്ന അരി ൧൦൮൩ വക ചിലവിനു ഉപയൊഗപ്പെടുന്നതല്ലെന്നു കാണുകയൊ ചെയ്തു സൎക്കാരിൽ നിന്നും വെറെ വിധത്തിൽ അരി വരുത്തി നടത്തിക്കയും അതിൽ വച്ചു സൎക്കാരിലെക്കു നഷ്ടം നെരിടുകയും ചെയ്താൽ ആ വക നഷ്ടം ആദ്യലെലക്കാരനെക്കൊണ്ടു കെട്ടിവയ്പിക്കുന്നതു കൂടാതെ ലെലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതുമാകുന്നു എന്നാൽ വെറെ വിധം അരി വരുത്തുന്നതിൽ ലാഭം വരുന്നതായാൽ അതിലെക്കു ആദ്യ ലെലക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൫-ാമതു. ൧൦൮൩ കുത്തകക്കു ഏല്പെടുന്നവരെ സ്ഥിരപ്പെടുത്തി നടത്തിക്കുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൩-മാണ്ടു കന്നിമാസം ൧൮-നു

ഗവൎമ്മെണ്ടു ചീഫ് സിക്രട്ടറി,
ഏ. ജെ. വിയറാ,

ഹജൂർ കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧. കാഞ്ഞിരക്കൂട്ടം ക്ഷെത്രത്തിൽ ശ്രീകൊവിൽ, ൯ ഖമണ്ഡപം, ശിവൻകൊവിൽ, കൃഷ്ണസ്വാമി കൊവിൽ മുതലായതു പണികഴിപ്പിക്കുന്ന വകക്കു പീസു നീക്കി ൩൬൩൭ രൂപാ ൪ ചക്രം ൨ കാശിനു അടങ്കൽ അനുവദിച്ചിട്ടുള്ളതിന്മണ്ണം ൧൦൮൩ വെലയെ കരാറു മുഖാന്തരം കൺട്രാക്ടായി നടത്തിപ്പാൻ ആൾ ഏല്പെടുന്നതിലെക്കു ൧൦൮൩ വരുന്ന തുലാമാസം ൧൮-നു പകൽ ൧൨ മണിക്കു തിരുവനന്തപുരം ഡിവിഷൻ കച്ചെരിയിൽ വച്ചു ലെലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ അന്നെ ദിവസം ഹാജരായി ലെലത്തിൽ ചെൎന്നുകൊള്ളെണ്ടതാകുന്നു.

൨. ൧൦൦ രൂപാ നിരതദ്രവ്യം കെട്ടിവെക്കുന്നവരെയല്ലാതെ ലെലത്തിൽ ചെരുന്നതിനു അനുവദിക്കുന്നതല്ലാത്തതാകുന്നു.

൩. ലെലം അവസാനിച്ചതിന്റെ ശെഷം ലെലത്തിൽ ചെൎന്നിട്ടുള്ള ആളുകളുടെ പെർ വിവരവും അവർ വിളികെട്ടിരിക്കുന്ന തുകയും കാണിച്ചു ഗവൎമ്മെന്റിലെക്കു എഴുതി ബൊധിപ്പിച്ചു അനുവദിച്ചു വരുന്നവരുടെ പെൎക്കു ലെലം സ്ഥിരപ്പെടുത്തുന്നതാകുന്നു.

൪. അങ്ങനെ അനുവദിച്ചു എഴുതിവന്ന ഉടൻ സ്ഥിരപ്പെട്ട ആളിന്റെ ഒഴികെ ശെഷംപെരുടെ നിരതദ്രവ്യം തിരിച്ചു കൊടുക്കുന്നതും ലെലം സ്ഥിരപ്പെടുത്തിക്കിട്ടിയ ആൾ മുൻ വച്ചിട്ടുള്ളതുൾപ്പടെ ലെലസംഖ്യയിൽ നൂറിനു അഞ്ചുവീതമുള്ള ഡെമണിതുക സ്ഥിരപ്പെടുത്തിയ നൊട്ടീസു കിട്ടുന്നതു മുതൽ ഒരു വാരത്തിനകം തിരുവനന്തപുരം താലൂക്കിൽ ഒടുക്കി രസീതു വാങ്ങിക്കയും സ്വന്ത ചിലവിന്മെൽ പത്രം ഹാജരാക്കി ഉടമ്പടി എഴുതിവെക്കയും ചെയ്യെണ്ടതും ആകുന്നു.

൭. അതിനു പുറമേ നോട്ടീസനുസരിച്ചു മധ്യമനി മുഴുവനും കെട്ടിവയ്ക്കാത്തവരോ അഥവാ ശേഷം ഉടമ്പടി എഴുതിക്കൊടുക്കാത്തവരോ ആയിരിക്കുന്നതായാൽ വേലക്കാരൻ വേലസമയം വച്ചിട്ടുള്ള നിരതദ്രവ്യത്തെ പ്രായശ്ചിത്തമായി മുതൽക്കൂട്ടിക്കൊള്ളുന്നതും കൂടാതെ അടങ്കൽപ്രകാരമുള്ള വേലയെ ആവർത്തിച്ചു ലേലംചെയ്യുന്നതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ വേലക്കാരൻ ഉത്തരവാദിയായി തീരുന്നതും വല്ല ലാഭവും ഉണ്ടാകുന്നപക്ഷം അതിലേക്കു ആദ്യ വേലക്കാരൻ അവകാശപ്പെടുന്നതല്ലാത്തതും ആകുന്നു.

